The policies of the state are often influenced by people, particularly in democratic societies. Hence it is important that higher education inculcates critical thinking in people, and produces not just skilled workers, but socially conscious critical thinkers and intellectuals, who critically examine and if necessary contest state action. Higher education has to impart and nurture human values necessary for sustainable human development; it has to influence and change irrelevant market demands into socially relevant needs from a long term perspective, rather than remaining at a receiving end; and it has to be instrumental in influencing development paradigms, rather than being allowed to be influenced by them.

While some view state's active control of higher education as , desirable and some as undesirable, many note that he lack of state control may actually imply abdication of responsibility by the state, and even promoting *laissez faireism* that can create chaos in the society. Hence there is the need for state control of higher education. But paradoxically what we note nowadays is: state which is expected to play an active role in higher education is unwilling or reluctant to play its role, and markets which are not,expected to enter into the arena of education, are eager and highly enthusiastic to take complete control of higher education. The state's reluctance to regulate the higher education system is clear, when we note several attempts being made in the proposed regulations for new universities, entry of foreign institutions etc. The draft regulations argue, for example, for doing away with the need for any prior approval by state bodies to set up institutions, and the need for state bodies to insist on fulfilment of basic conditions relating to infrastructure etc. They seem to favour the growth of a highly de- or un-regulated higher education system. On the other side, the enthusiasm of the markets in higher education is also clear with the burgeoning number of private (recognised and unrecognised) institutions of higher education being opened in the country, its demand for introduction of private university bill in the Parliament, the recommendation of the Ambani-Birla Committee report (Government of India 2000) for leaving the whole higher education to the private sector etc.

**Where Are We?**

I have stated that there are several actors in the society that 'control' higher education, which put together, constitutes what can be called 'social control.' That the interests of these various actors are highly diverse and often conflict with each other is well established not only in India, but also in other societies. Even with regard to the state, there are several organisations in India, including the University Grants Commission, All India Council for Technical Education, Medical Council of India, Ministries/Departments of Higher Education (in the central and state governments), Planning Commission, State Councils of Higher Education, etc. In some cases, it is not clear who is calling the shots? But is it possible and if possible, desirable to have one 'authority' or control that can take the interests of all tire actors in higher education? Now there is a proposal to constitute a statutory body named the National Higher Education Commission (A similar proposal was made by the earlier government also). The National Knowledge

Commission (2007) had already proposed creation of an Independent Regulating Authority for Higher, Education (IRAHE). Both these proposals envisage a single-regulatory body for whole higher-education. Can the proposed Higher Education Commission or the IRAHE be conceived as a powerful body of 'social control' on higher education in India or as yet another administrative body with no meaning of any 'social control' on higher education? I will stop with this question for the reader to ponder over. Perhaps I have raised more questions than I could answer. Well that is, I feel, the very purpose of higher education.

*Note*

*Keynote address delivered in the XIX Conference of the MUTA(Madurai Kamaraj, Manonmaniam Sundaranar, Mother Teresa and Alagappa University Teachers' Association) on "Social Control on Higher Education", Madurai (4-5 October 2008).

*References*


Clark, Burton, 1983, The Higher Education System: Academic Organisation in Cross-National Perspective, Berkeley, CA, University of California Press

Education Commission, 1966, Education and National Development - Report of the Education (Kothari) Commission 1964-66, New Delhi, Government of India

Government of India, 2000, A Policy Framework for Reforms in Education, A Report Submitted by Special Subject Group on Policy Framework for Private Investment in Education, Health and Rural Development, New Delhi, Prime Minister's Council on Trade and Industry (Mukesh Ambani-Kumaramanglalam Birla Report)

Myrdal, Gunnar, 1968, Asian Drama: An Inquiry into the Poverty of Nations and the Challenge of World Poverty. A World Anti-Poverty Program in Outline, New York, Twentieth Century Fund

National Knowledge Commission, 2007, Report to the Nation 2006, New Delhi, Government of India.

Pusser,Brian, 2008, "The State, the Market and the Institutional Estate," in John C.Smart (ed.), 2008, Higher Education. Handbook of Theory and Research, UK, Springer, 105-139

Tilak, Jandhyala B G, 2003, "State, Households and Markets in Education: Government's Unwillingness and Households' Compulsion to Pay for Education vis-a-vis the Exploitative Markets," Dr. Malcolm Adiseshiah Memorial Lecture, Madras Institute of Development Studies, Chennai, 21 November 2003

Tilak, Jandhyala B G 2007, "Private Sector in Higher Education: A Few Stylized Facts," ICSSR Distinguished Lecture Organised as a Part of the Commemorative Celebrations of the 150th Year of First War of Independence, Dharwad, Centre for Multi-Disciplinary Development Research, 14 February 2007



SONA MARBLES

COLLEGE STOP, N.H. EDAT

**PAYYANNUR** - 670 327

Ph: 0497-2806019

marble | granite | kadappa | kotta | slate | shabad

sand stone | designer | exterior tiles

# പ്രൊഫ. സെബാസ്റ്റ്യൻ കെ. ആന്റണിയുടെ പിരിച്ചുവിടലിനെതിരെ ശക്തമായി പ്രതികരിക്കുക




സുഹൃത്തുക്കളെ,

എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ് മലയാള വിഭാഗം അദ്ധ്യാപകനും എം.ജി. യൂണിവേഴ്സിറ്റി സെനറ്റംഗവും എ.കെ.പി.സി.ടി.എ. ജില്ലാ പ്രസിഡന്റുമായ പ്രൊഫ. സെബാസ്റ്റ്യൻ കെ. ആന്റണിയെ സെന്റ് ആൽബർട്ട്സ് കോളേജ് മാനേജ്മെന്റ് 2009 ജനുവരി 19 ന് സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടുകൊണ്ട് ഉത്തരവിറക്കിയിരിക്കുകയാണ്. ഇത് കഴിഞ്ഞ കുറേ വർഷങ്ങളായി സെന്റ് ആൽബർട്ട്സ് കോളേജ് മാനേജ്മെന്റ് നടത്തിവരുന്ന അടിച്ചമർത്തലുകളുടേയും പീഢനങ്ങളുടേയും നിയമലംഘനങ്ങളുടേയും പകപോക്കലിന്റേയും ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്. എയ്ഡഡ് കോളേജ് അദ്ധ്യാപകർ ദീർഘകാല പോരാട്ടങ്ങളിലൂടെ നേടിയെടുത്ത സംഘടനാ സ്വാതന്ത്ര്യവും സേവനഭദ്രതയും ഇതിലൂടെ ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്.

## മാനേജ്മെന്റ് ചെയ്യുന്നതെന്ത്?

സർക്കാർ ഉത്തരവിന് വിരുദ്ധമായി 2005-2006 അദ്ധ്യയനവർഷം മുതൽ കോളേജിന്റെ പ്രവർത്തനസമയം രാവിലെ 8 മുതൽ 1.30 വരെയാക്കിമാറ്റുകയുണ്ടായി. ശേഷിച്ച സമയത്ത് അന്യസർവ്വകലാശാലകളുടെ കോഴ്സുകൾ അമിതഫീസ് ചുമത്തി കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് നടത്തുവാനും തീരുമാനിച്ചു. ഇതോടൊപ്പം വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നിരോധിക്കുകയും അദ്ധ്യാപകരുടേയും മറ്റ് ജീവനക്കാരുടേയും ജനാധിപത്യ അവകാശങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തുകയും ചെയ്തു. സർവ്വകലാശാലയുടെ വിദ്യാർത്ഥി പ്രവേശന നിയമത്തിന് വിരുദ്ധമായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രവേശനം നടത്തുകയുണ്ടായി. യു.ജി.സി.യുടേയും മറ്റ് പൊതുഫണ്ടിംഗ് ഏജൻസികളുടേയും സഹായത്തോടെ നിർമ്മിച്ച കോളേജ് ഹോസ്റ്റൽ കെട്ടിടം ഷോപ്പിംഗ് കോംപ്ലക്സാക്കി മാറ്റി. സർക്കാർ ഉടമസ്ഥതയിലുള്ള കളിസ്ഥലം മാനേജ്മെന്റ് മറ്റാവശ്യങ്ങൾക്ക് പാട്ടത്തിന് നൽകി. സർവ്വകലാശാലയുടേയും സർക്കാരിന്റേയും നിയമങ്ങൾ വെല്ലുവിളിച്ചുക്കൊണ്ടാണ് മാനേജ്മെന്റ് ഈ നടപടികൾ കൈക്കൊണ്ടിരിക്കുന്നത്. കോളേജിൽ നടക്കുന്ന നിയമലംഘനങ്ങളെക്കുറിച്ചന്വേഷിക്കുവാൻ നിയോഗിച്ച സർവ്വകലാശാലസമിതിയെ കോളേജിൽ പ്രവേശിപ്പിക്കുവാൻപോലും കൂട്ടാക്കാതെ മടക്കിയയച്ച അനുഭവവുമുണ്ടായി.

വിദ്യാഭ്യാസമെന്ന ധർമ്മ പ്രവർത്തനത്തിന് സർക്കാരും പൊതുസമൂഹവും സൗജ

ന്യമായി നൽകിയ ആസ്തികൾകൊണ്ട് കെട്ടിപ്പൊക്കിയ കലാലയങ്ങളിൽ ഒന്നാണ് സെന്റ് ആൽബർട്ട്സ് കോളേജ്. എന്നാൽ ഇത്തരം പൊതു ആസ്തികൾ കോളേജിന്റെ ദൗത്യ പ്രസ്താവന യ്ക്ക് വിരുദ്ധമായി സ്വന്തം സമുദായത്തിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്കു പോലും അപ്രാപ്യമാക്കിയിരിക്കുകയാണ്. ധർമ്മ പ്രവർത്തനം എന്നത് മാറി പണമുണ്ടാക്കാൻ വേണ്ടി എന്ത് അധാർമ്മിക പ്രവർത്തനവും കൈക്കൊള്ളുവാൻ സെന്റ് ആൽബർട്സ് കോളേജ് മാനേജ്മെന്റ് തയ്യാറായിരിക്കുകയണ്. ഇതിനെതിരെ ശബ്ദമുയർത്തുന്ന വരെ വൈരനിര്യാതനബുദ്ധിയോടെ കോളേജിൽ നിന്നും നടപടിയെടുത്ത് പുറത്താക്കുകയാണ്. അതിനായി മനുഷ്യത്വരഹിതമായ ഏത് തന്ത്രവും സ്വീകരിക്കുവാൻ ഈ മാനേജ്മെന്റിന് മടിയില്ല. ഇത്തരത്തിൽ 42 വിദ്യാർത്ഥികളെയും കോളേജ് ലൈബ്രേറിയനേയും യാതൊരു അന്വേഷണവും കൂടാതെ കോളേജിൽ നിന്നും പുറത്താക്കി. ലൈബ്രേറിയനായിരുന്ന എം. വി.ജോസിനെ ക്രൂരമായി ചതിച്ച് ജോലിയിൽ നിന്നും പിരിച്ചുവിട്ടു. സമയമാറ്റത്തിനെതിരെ കോടതിയിൽ നിന്നും അനുകൂല വിധി നേടിയെടുത്ത റെജിമോൻ എന്ന വിദ്യാർത്ഥിക്കുനേരെ പീഢനപരമ്പരകൾ അഴിച്ചുവിട്ട് അവന്റെ ജീവിതം തല്ലിത്തകർത്തു. ആത്മാഭിമാനമുള്ളവരെയും പ്രതികരിക്കുന്നവരെയും അടിച്ചമർത്തുന്ന പീഢനപരമ്പരയിലെ അവസാനത്തെ കണ്ണിയാണ് പ്രൊഫ.സെബാസ്റ്റ്യൻ കെ.ആന്റണി.

## പ്രൊഫ.സെബാസ്റ്റ്യൻ ചെയ്ത തെറ്റെന്ത് ?

സർവ്വീസിൽനിന്നും പിരിച്ചുവിടാൻതക്കവിധത്തിൽ പ്രൊഫ.സെബാസ്റ്റ്യൻ ചെയ്ത തെറ്റെന്താണ് ? മാനേജ്മെന്റിന്റെ മേൽവിവരിച്ചതരത്തിലുള്ള നിയമവിരുദ്ധ നടപടികൾ കോളേജ് കൗൺസിലിലും സർവ്വകലാശാലാ സെനറ്റിലും ഉന്നയിച്ചു എന്നതാണ് സെബാസ്റ്റ്യൻ.കെ.ആന്റണിക്കെതിരെ വാളോങ്ങാൻ മാനേജ്മെന്റിനെ പ്രേരിപ്പിച്ചത്. പിരിച്ചുവിടലിന് മുന്നോടിയായി 2008 ഫെബ്രുവരി 8 മുതൽ സർവ്വീസിൽ നിന്നും പ്രൊഫ.സെബാസ്റ്റ്യനെ സസ്പെന്റ് ചെയ്തിരുന്നു. ഇതിന് കാരണമായി മാനേജ്മെന്റ് നടത്തിയ കുറ്റാരോപണം സെബാസ്റ്റ്യൻ അറ്റൻഡൻസ് രജിസ്റ്ററിൽ കൃത്രിമം കാട്ടി എന്നതാണ്. കോളേജ് പ്രിൻസിപ്പൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ അദ്ദേഹത്തിന്റെ അനുമതിയോ അറിവോ ഇല്ലാതെ ആർക്കും ഒരു മാറ്റവും വരുത്താനാകില്ല എന്നിരിക്കെ ഇത് കെട്ടിച്ചമച്ച ഒരു ആരോപണം മാത്രമാണെന്ന് സാമാന്യം ബുദ്ധിയുള്ള ആർക്കും മനസ്സിലാക്കാവുന്നതാണ്. പ്രൊഫ.സെബാസ്റ്റ്യൻ അറ്റൻൻസ് രജിസ്റ്ററിൽകൃത്രിമം കാട്ടി എന്നാരോപിക്കുന്ന ദിവസം അദ്ദേഹം കോളേജിൽ ഹാജരായിരുന്നതാണ്. മാത്രവുമല്ല , പ്രസ്തുത മാസത്തെ അറ്റൻൻസ് സ്റ്റേറ്റ്മെന്റിൽ അന്നേദിവസം പ്രൊഫ. സെബാസ്റ്റ്യൻ ഹാജരായിരുന്നതായി കാണിച്ച് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയതിനെത്തുടർന്ന് ആ മാസത്തെ ശമ്പളം അദ്ദേഹത്തിന് ലഭിച്ചിട്ടുള്ളതുമാണ്.

## സമരത്തിന്റെ നാളുകൾ

സസ്പെൻഷൻ നടപടികൾ സർവ്വകലാശാലാ നിയമങ്ങൾക്ക് വിരുദ്ധമായി മുന്നോട്ട് കൊണ്ടുപോയപ്പോൾ എം.ജി, യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഇടപെടുകയും സെബാസ്റ്റ്യനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കണമെന്ന് ഉത്തരവിടുകയും ചെയ്തു. എന്നാൽ കോളേജ് മാനേജ്മെന്റ് ഈ ഉത്തരവ് നടപ്പാക്കാൻ കൂട്ടാക്കാതെ ഹൈക്കോടതിയെ സമീപിക്കുകയും സെബാസ്റ്റ്യനെതിരെ അന്വേഷണമെന്ന പ്രഹസനവുമായി മുന്നോട്ട് നീങ്ങുകയുമാണുണ്ടായത്. ഈ അവസരത്തിൽ കോളേജിന്റെ സുഗമമായ പ്രവർത്തനത്തിന് പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കണമെന്നാവശ്യപ്പെട്ട് സെന്റ് ആൽബർട്സ് കോളേജ് മാനേജ്മെന്റിന് എ.കെ. പി.സി.ടി.എ. കത്തയക്കുകയുണ്ടായി. എന്നാൽ സംഘടനയേയും ഇടതുപക്ഷ പ്രസ്ഥാനങ്ങളേയും ആക്ഷേപിക്കുന്ന പ്രസ്താവനകളുമായി മാനേജ്മെന്റ് രംഗത്തുവരുകയാണുണ്ടായത്. ഒരു പ്രതികരണവും ഉണ്ടാകാത്ത സാഹചര്യത്തിൽ 2008 ആഗസ്റ്റ് 16 ന് കോളേജിലേക്ക് അദ്ധ്യാപക മാർച്ചും ധർണ്ണയും നടത്തി. ധർണ്ണ സ.ഇ.പി.ജയരാജനാണ് ഉദ്ഘാടനം ചെയ്തത്. ഇതേ തുടർന്നാണ് 2008 ഒക്ടോബർ 15 ന് കോളേജിനു മുൻപിൽ അനിശ്ചിതകാല ധർണ്ണ ആരംഭിച്ചത്. ധർണ്ണ സ.കെ.ചന്ദ്രൻ പിള്ള എം.പി.ഉദ്ഘാടനം ചെയ്തു. ധർണ്ണാസമരത്തിൽ ഓരോ ദിവസവും 15 അദ്ധ്യാപകർ വീതം പങ്കെടുത്തു.

## സമരസഹായസമിതി

സമരത്തെ സഹായിക്കുന്നതിനായി എൻ.ജി.ഒ യൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റ് സ.പി.എച്ച്.എം. ഇസ്മയിൽ ചെയർമാനായി സമരസഹായ സമിതി രൂപീകരിച്ചു. സമരം ഒരു മാസം പിന്നിട്ടപ്പോൾ നവംബർ 14-ാം തീയതി കരിദിനമായി ആചരിച്ചു അന്ന് കേരളമാകെ എ.കെ.പി.സി.ടി.എയുടെ നേതൃത്വത്തിൽ അദ്ധ്യാപകർ ബാഡ്ജ് ധരിച്ച് കോളേജിൽ ഹാജരാകുകയും എല്ലാ എ.കെ.പി.സി.ടി.എ. ബ്രാഞ്ചുകളും സെബാസ്റ്റ്യനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കണമെന്നാവശ്യപ്പെട്ട് മാനേജ്മെന്റിന് ടെലിഗ്രാം അയക്കുകയും ചെയ്തു. ധർണ്ണാസമരപരിപാടി ഡിസംബർ 19 വരേയും തുടർന്നു. ഇതോടൊപ്പം സമരസഹായസ



മിതിയുടെ നേതൃത്വത്തിൽ നവംബർ 7 ന് കോളേജിലേക്ക് മാർച്ചും നവംബർ 27 ന് ഹൈക്കോടതി ജംഗ്ഷനിൽ സായാഹ്ന ധർണയും നടത്തി. സമരം രണ്ട് മാസം പിന്നിട്ട അവസരത്തിൽ രണ്ടാംഘട്ട സമരം സംബന്ധിച്ച് കൂട്ടായ ചർച്ച ഉണ്ടായി. അതിന്റെ ഭാഗമായി അനിശ്ചിതകാല സത്യാഗ്രഹ പരിപാടി ഡിസംബർ 30 മുതൽ കോളേജിന് മുൻപിൽ ആരംഭിച്ചു. ഓരോ ദിവസവും 5 അദ്ധ്യാപകർ വീതം സത്യാഗ്രഹം അനുഷ്ഠിച്ചു. തുടർന്ന് സർവ്വീസ്-ട്രേഡ് യൂണിയൻ-ബഹുജന സംഘടനകളുടെ പങ്കാളിത്തത്തോടെ സമരസഹായസമിതി വിപുലീകരിച്ചു. സി.ഐ.റ്റി.യു എറണാകുളം ജില്ലാ സെക്രട്ടറി സ.പി.എസ്.മോഹനനെ വിപുലീകരിച്ച സമരസഹായസമിതിയുടെ കൺവീനറാക്കുകയുണ്ടായി. സത്യാഗ്രഹത്തോടൊപ്പം സഹായസമിതിയുടെനേതൃത്വത്തിൽ അനുഭാവ ധർണ്ണയും സംഘടിപ്പിച്ചു. ജനുവരി 20-ാം തീയതി പ്രൊഫ.സെബാസ്റ്റ്യനെ പിരിച്ചുവിട്ടുകൊണ്ടുള്ള മാനേജ്മെന്റിന്റെ ഉത്തരവ് ലഭിക്കുകയുണ്ടായി. തുടർന്ന് 21-ാം തീയതി സംഘടന സമരസഹായ സമിതിയുടെ സഹായത്തോടെ വിപുലമായ പ്രതിഷേധമാർച്ചും ധർണ്ണയും സെന്റ് ആൽബർട്സ് കോളേജിന് മുമ്പിൽ നടത്തുകയുണ്ടായി.




## ഒത്തുതീർപ്പ് ശ്രമങ്ങൾ

സമരത്തെ സഹായിക്കുവാനും ഒത്തുതീർപ്പിൽ എത്തിക്കാനും എറണാകുളത്തെ പുരോഗമന ജനാധിപത്യപ്രസ്ഥാനങ്ങളുടെ നേതാക്കളും പൗരപ്രമുഖരും സർവ്വീസ് -ട്രേഡ് യൂണിയൻ സംഘടന നേതാക്കളും തയ്യാറായി. ബഹുമാനപ്പെട്ട കേരള ഫിഷറിസ്-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സ.എസ്.ശർമ്മ, സി.ഐ.റ്റി.യു സംസ്ഥാന ജനറൽ സെക്രട്ടറി സ.എം.എം.ലോറൻസ് തുടങ്ങി ഒട്ടേറെ പ്രമുഖർ മാദ്ധ്യസ്ഥ ശ്രമങ്ങൾ നടത്തുകയുണ്ടായി. സസ്പെൻഷനെ തുടർന്ന് ആഭ്യന്തര അന്വേഷണനടപടി തുടങ്ങാമെന്നും അന്വേഷണത്തിന്റെ ഭാഗമായുണ്ടാകുന്ന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സെബാസ്റ്റ്യനെ തിരിച്ചെടുക്കാമെന്നുമുള്ള ധാരണയാണ് ചർച്ചയിൽ മാനേജ്മെന്റ് നൽകിയത്. അതിനെത്തുടർന്ന് സെബാസ്റ്റ്യൻ അന്വേഷണ കമ്മീഷനുമായി സഹകരിക്കുകയും തനിക്ക് അനുകൂലമായ എല്ലാ വാദങ്ങളും നിരത്തുകയും ചെയ്തു. എന്നാൽ സെബാസ്റ്റ്യൻ കെ.ആന്റണി നൽകിയ വ്യക്തവും ദൃഢവുമായ തെളിവുകളെല്ലാം മറച്ചുവച്ചുകൊണ്ട് തികച്ചും ഏകപക്ഷീയമായ ഒരു റിപ്പോർട്ടാണ് അന്വേഷണകമ്മീഷൻ നൽകിയത്. ഒത്തുതീർപ്പ് ശ്രമങ്ങളുടെ ഭാഗമായുണ്ടായ ധാരണയിൽ നിന്നും വ്യത്യസ്തമായി, ഈ റിപ്പോർട്ടിനെ ആധാരമാക്കിക്കൊണ്ട് ഏറ്റവും വലിയ ശിക്ഷയാണ് മാനേജ്മെന്റ് സെബാസ്റ്റ്യന് നൽകിയത്. ദുരാരോപിതവും അതീവ ദുർബലവുമായ ഒരു കുറ്റത്തിന് അനർഹവും, കേട്ടുകേൾവിയില്ലാത്തതുമായ തരത്തിൽ പിരിച്ചുവിടൽ നടത്തിയതിലൂടെ മാനേജ്മെന്റിന്റെ ചതിയും വൈരാഗ്യബുദ്ധിയും മനുഷ്യത്വരഹിതമായ മുഖവുമാണ് വെളിവാക്കപ്പെടുന്നത്.

## പോരാട്ടം തുടരും

നിരവധി പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ള പ്രസ്ഥാനമാണ് എ.കെ.പി.സി.ടി.എ.. സംഘടനയുടെ സമരചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ സമരമാണ് സെന്റ് ആൽബർട്സ് കോളേജിന് മുൻപിൽ നാം നടത്തിയത്. പ്രൊഫ.സെബാസ്റ്റ്യൻ കെ.ആന്റണിയെ തിരിച്ചെടുപ്പിക്കുവാനായില്ലെങ്കിലും സംഘടനപരമായി നാം പരാജയപ്പെട്ടിട്ടില്ല. അവകാശങ്ങൾ പലതും പോരാട്ടങ്ങളിലൂടെ നേടിയെടുത്തുവെങ്കിലും എയ്ഡഡ് കോളേജ് അദ്ധ്യാപന്റെ തൊഴിൽ സുരക്ഷിതത്വത്തിന് തന്നെ ഭീക്ഷണി നിലനിൽക്കുന്നുവെന്ന യാഥാർത്ഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഈ അനുഭവം. ഇതിനെ സർവ്വശക്തിയും സമാഹരിച്ച് നാം ഒന്നിച്ച് നേരിട്ടേ മതിയാകൂ. സെബാസ്റ്റ്യനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് ബഹുമുഖമായ പോരാട്ടങ്ങൾ അനിവാര്യമായിരിക്കുന്നു. സർവ്വീസ്-ട്രേഡ് യൂണിയൻ-ബഹുജനസംഘടനകളോടൊപ്പം സാംസ്കാരിക നായകരേയും വിദ്യാഭ്യാസ മൂല്യങ്ങളെ സ്നേഹിക്കുന്ന എല്ലാവരേയും ഒന്നിപ്പിച്ചുകൊണ്ട് കൂടുതൽ ശക്തമായ സമരം ആരംഭിക്കാൻ എ.കെ.പി.സി.ടി.എ തീരുമാനിച്ചിരിക്കുകയാണ്. അതോടൊപ്പം നിയമപരമായ നടപടികളും ആരംഭിച്ചിരിക്കുകയാണ്. സർവ്വകലാശാലാ ട്രൈബ്യൂണലിൽ പിരിച്ചുവിടലിനെതിരായി കേസ്സ് ഫയൽ ചെയ്തു കഴിഞ്ഞു. ഈ ഘട്ടത്തിൽ സെബാസ്റ്റ്യനെയും കുടുംബത്തെയും സംരക്ഷിക്കാനുള്ള ചുമതലയും സംഘടന ഏറ്റെടുത്തിട്ടുണ്ട്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗം നേരിടുന്ന പ്രതിസന്ധിയുടെ ഒരു പരിച്ഛേദം തന്നെയാണ് ഇവിടെ അനാവരണം ചെയ്യപ്പെട്ടിരിക്കുന്നത്. ഉന്നതവിദ്യാഭ്യാസരംഗത്ത് സാമൂഹ്യനീതിയും ഗുണമേന്മയും ഉറപ്പാക്കാൻ വേണ്ടി നടത്തിയിട്ടുള്ള പോരാട്ടങ്ങളുടെ തുടർച്ചയായി ഇതിനെ കണ്ടുകൊണ്ട് അരനൂറ്റാണ്ടുകാലത്തെ പോരാട്ടങ്ങളിലൂടെ കേരളത്തിലെ സ്വകാര്യ കോളേജ് അദ്ധ്യാപകന്റെ അന്തസ്സ് ഉയർത്തിയ നമ്മുടെ സംഘടനയ്ക്ക് ഇവിടെ വിജയിച്ചേ മതിയാകൂ. അതിനായി വർദ്ധിതവീര്യത്തോടെ നമുക്ക് മുന്നോട്ട് നീങ്ങാം.

തിരുവനന്തപുരം
12.02.2009

പ്രൊഫ.പി.രഘുനാഥ്
ജനറൽ സെക്രട്ടറി

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical, Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

## COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Ernakulam
Kochi-682011
Ph:0484-2353818



# സെൻറ് ആൽബർട്ട്സ് കോളജ് സമരം
# അദ്ധ്യാപകർ കോളജ് പിക്കററു ചെയ്തു

പ്രൊഫ. സെബാസ്ററ്യൻ കെ. ആൻറണിയെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ട നടപടിയിൽ പ്രതിഷേധിച്ച് സമരസഹായസമിതിയുടെ നേതൃത്വത്തിൽ സർവ്വീസ് സംഘടനകളും വർഗ ബഹുജന സംഘടനകളും സെൻറ് ആൽബർട്ട് കോളജിലേക്ക് സംയുക്തമാർച്ച് നടത്തി. മാർച്ചിനുശേഷം എ.കെ.പി.സി.ടി.എ. അദ്ധ്യാപകർ കോളജ് ഉപരോധിച്ചു. കോളജ് ഉപരോധിച്ച അദ്ധ്യാപകരെ പോലീസ് അറസ്ററുചെയ്തു. ഉപരോധസമരവും മാർച്ചും സ. കെ.ചന്ദ്രൻപ്പിള്ള എം.പി. ഉദ്ഘാടനം ചെയ്തു. പ്രൊഫ. സെബാസ്ററ്യൻ കെ. ആൻറണിയെ സർവ്വീസിൽ തിരിച്ചെടുക്കുംവരെ സമരം തുടരണമെന്ന് സ. കെ.ചന്ദ്രൻപിള്ള പറഞ്ഞു. അതിനുവേണ്ട സഹായങ്ങൾ നല്കാൻ തയ്യാറാണെന്നും അദ്ദേഹം പ്രസ്താവിച്ചു. സമരസഹായസമിതി കൺവീനർ സി.ഐ.ടി.യു ജില്ലാസെക്രട്ടറി പി. എസ്. മോഹനൻ, സർവ്വീസ് സംഘടനാ നേതാക്കളായ പി. എച്ച്.എം. ഇസ്മയിൽ പി.ജി.ശശീന്ദ്രൻ കെ. ഷറഫുദ്ദീൻ, പി.എൻ.സജീവൻ കെ.ജി.രാമദാസ്, എ.കെ.പി.സി.ടി.എ. സംസ്ഥാന പ്രസിഡൻറ് പ്രൊഫ. കെ. ശശിധരൻ ജനറൽ സെക്രട്ടറി പി. രഘുനാഥ്, എ.കെ.പി.സി.ടി.എ എറണാകുളം ജില്ലാ സെക്രട്ടറി പ്രൊഫ. ഡി. സലിംകുമാർ എന്നിവർ സംസാരിച്ചു. പ്രതിഷേധമാർച്ച് മേനക ജംഗ്ഷനിൽ നിന്നും ആരംഭിച്ചു.



# സർവകലാശാല - കോളജധ്യാപകരുടെ രാജ്ഭവൻ മാർച്ച്



യു.ജി.സി. ആറാം ശമ്പളപരിഷ്കരണ ഉത്തരവ് അപാകതകൾ പരിഹരിച്ച് നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് കോളജ്- സർവ്വകലാശാലാ അധ്യാപകർ സംയുക്ത സമിതിയുടെ നേതൃത്വത്തിൽ രാജ്ഭവൻ മാർച്ച് നടത്തി. എൽ.ഡി.എഫ് കൺവീനർ ശ്രീ.വൈക്കം വിശ്വൻ ഉദ്ഘാടനം ചെയ്തു. വരുമാനമാർഗങ്ങളെല്ലാം സ്വന്തമാക്കി വച്ചിരിക്കുന്ന കേന്ദ്ര സർക്കാർ, ശമ്പളകമ്മീഷൻ ശുപാർശ ചെയ്ത 100 ശതമാനം ഗ്രാൻറ്, സംസ്ഥാനത്തിന് ലഭ്യമാക്കണമെന്നും അവർ നിശ്ചയിച്ച കമ്മീഷൻ ശുപാർശകൾ അവർ തന്നെ തള്ളിയത് അവരുടെ ആത്മാർത്ഥതയില്ലായ്മയാണ് കാണിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഐഫക്ടോ ദേശീയ പ്രസിഡൻറ് പ്രൊഫ. തോമസ് ജോസഫ് വിശദീകരണം നടത്തി. ഉന്നതവിദ്യാഭ്യാസത്തിൻെറ ഗുണനിലവാരമുയർത്തുന്നതിനും ഈ രംഗത്തേക്ക് പ്രതിഭാധനന്മാരെ ആകർഷിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ടിൽ കാതലായ മാററം വരുത്തിക്കൊണ്ടാണ് കേന്ദ്ര സർക്കാർ ഉത്തരവിറക്കിയത്. അടിമുടി അപാകതകൾ നിറഞ്ഞതാണീ ഉത്തരവ്. പ്രൊഫ. വി.എൻ.ചന്ദ്രമോഹനൻ, പ്രൊഫ.കെ.ശശിധരൻ, ഡോ.ഏ.ആർ.രാജൻ, സ.കെ.രാജേന്ദ്രൻ, സ.എം.കൃഷ്ണനൻ, സ.കെ.ശിവകുമാർ, സ.എസ്.യു.രാജീവ് എന്നിവർ സംസാരിച്ചു. പ്രൊഫ,.കെ.രഘുനാഥ് സ്വാഗതവും പ്രൊഫ.കെ.ജയകുമാർ നന്ദിയും പറഞ്ഞു. ഗവർണർ, മുഖ്യമന്ത്രി, വിദ്യാഭ്യാസമന്ത്രി, ധനകാര്യമന്ത്രി എന്നിവർക്കു നിവേദനം നൽകി.

## ആദരാഞ്ജലികൾ



**സ. ഇ.ബാലാനന്ദന് എ.കെ.പി.സി.ടി.എയുടെ ആദരാഞ്ജലികൾ**



**പ്രൊഫ. ബാബുജേക്കബ്**

ഇരിങ്ങാലക്കുട ക്രൈസ്ററ് കോളജ് കെമിസ്ട്രി വിഭാഗം അധ്യാപകൻ പ്രൊഫ. ബാബുജേക്കബ് 2-08-2008 ൽ നിര്യാതനായി. ക്രൈസ്ററ് കോളജ് എ.കെ.പി.സി.ടി.എ ബ്രാഞ്ച് ജോയിൻറ് സെക്രട്ടറി, എ.കെ.പി.സി.ടി.എ പ്രതിനിധിയായി കോളജ് കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. എ.കെ.പി.സി.ടി.എയുടെ ആദരാഞ്ജലികൾ

**എം.എസ്.വസന്തകുമാർ**
*എസ്.എൻ.കോളജ്, കൊല്ലം*

# ഗാസാച്ചിന്തിൽ ചിന്തുന്ന രക്തം

ഒന്നാം ലോകമഹായുദ്ധത്തിൽ ഉപയോഗിക്കാൻ ഒരു സ്ഫോടകവസ്തു ബ്രിട്ടന് രൂപപ്പെടുത്തിക്കൊടുത്ത ഡോക്ടർ ചെയിം വെയ്സ്മാൻ എന്ന ഒരു യഹൂദനെപ്പററി ഈ പംക്തിയിൽ പരാമർശിച്ചിട്ടുണ്ട്. അതിൻെറ പേരിൽ അദ്ദേഹം ബ്രിട്ടനോട് ചോദിച്ച പ്രതിഫലം, യഹൂദർക്ക് വീണ്ടു കിട്ടേണ്ട ദൈവദത്തമായ രാജ്യം പിടിച്ചുകൊടുക്കുക എന്നതായിരുന്നു. അത് മാനിച്ചാണ് ബ്രിട്ടൻ പലസ്തീൻ കൈവശപ്പെടുത്തിയതും, 1948 മെയ് 14 വരെ കൈവശം വച്ചതും, പിന്നെ അവിടെ നിന്ന് പിൻവാങ്ങി പലസ്തീൻ വെട്ടിമുറിച്ച് ഇസ്രായേലും ശേഷിക്കുന്ന പലസ്തീനുമായി തീർപ്പ് കല്പിച്ചതും. ഐക്യരാഷ്ട്ര സഭയ്ക്കായിരുന്നു ഈ വെട്ടിമുറിക്കലിൻെറ കാർമ്മികത്വം.

അങ്ങനെ ജൂതന്മാർക്ക് (യഹൂദർക്ക്) ഇസ്രായേലും അറബികൾക്ക് പലസ്തീനും ലഭിച്ചു. രണ്ടു സ്വതന്ത്ര പരമാധികാര രാജ്യങ്ങളായി ഇവ




നിലവിൽ വരുന്നതിന് ആഴ്ചകൾക്കു മുമ്പ് തന്നെ ജൂതഭീകരസംഘങ്ങൾ പലസ്തീന് ലഭിച്ച പല സ്ഥലങ്ങളും കവർന്നെടുത്തു കഴിഞ്ഞിരുന്നു തുടർന്നുള്ള കാലം ജൂതരും അറബികളും തമ്മിലുള്ള സംഘട്ടനങ്ങളുടെ ചരിത്രമാണ്. സിക്സ് ഡേ (ആറു ദിന) യുദ്ധം ഈ ഗണത്തിൽപെടും. ഇസ്രായേലിന് നേരെ ഈജിപ്തും സിറിയയും ജോർദാനും സഖ്യകക്ഷികളായിരുന്ന 1967 ലെ ഈ യുദ്ധം പലസ്തീനിനും അറബികൾക്കും ഒരു അൽ നക്സാ (പിന്നോട്ടടി) ആയിരുന്നു. സിനായ്, ഗാസാ, വെസ്ററ് ബാങ്ക്, ജെറുസലം, ഗോലാൻ എന്നീ പ്രദേശങ്ങൾ ഇതോടെ ഇസ്രായേലിന് കീഴ്പ്പെട്ടു. 1972ലെ യോം കിപ്പൂർ യുദ്ധവും തുടർന്നു നടന്നു. അതിൽ സീനായ്, ഗോലാൻ പ്രദേശങ്ങൾക്ക് വേണ്ടി ഈജിപ്ററും സിറിയയും ചേർന്ന് ഇസ്രായേലിനെതിരായി പടവെട്ടി. പലസ്തീന് നഷ്ടവും ഇസ്രായേലിന് ലാഭവും തങ്ങളുടെ നാൾവഴികളിൽ രേഖപ്പെടുത്തിയവ ആയിരുന്നു ഈ യുദ്ധങ്ങൾ.

ഐക്യരാഷ്ട്രസഭയുടെ തീർപ്പ് ഇസ്രായേലിൻെറ നീതിരഹിത ധാർഷ്ട്യത്തിൻെറയും ശാഠ്യത്തിൻെറയും മണൽക്കാററിൽ പറന്നു. ഐക്യരാഷ്ട്രസഭ നിശ്ചയിച്ച പലസ്തീൻെറ തലസ്ഥാനമായ ജെറുസലം അവർ കവർന്നെടുത്ത് ഇന്നും പകുതിയോളം കൈവശം വച്ചിരിക്കുന്നു. ടെൽ അവീവ് എന്ന തലസ്ഥാനത്തിന് പുറമെ രണ്ടാം തലസ്ഥാനമായി ജറുസലം കൂടിവേണമെന്ന ഇരുതലമൂലിമുഷ്ക് പ്രഖ്യാപിച്ച് നിൽക്കുകയാണ് ഇസ്രായേൽ.

പലസ്തീനിന് കിഴക്കാണ് വെസ്ററ്ബാങ്ക്. ജോർദാൻെറ പടിഞ്ഞാറേക്കര എന്ന അർത്ഥത്തിലാണ് ആ പേര്. അതിൽ നിന്ന് വേറിട്ട് നിൽക്കുന്ന സ്ഥലമാണ് ഇപ്പോൾ പ്രശ്നഭൂയിഷ്ഠമായ ഗാസ. ലോകത്തെ ഏററവും ജനസാന്ദ്രമായ പ്രദേശമാണിത്. വടക്ക് കിഴക്ക് നീണ്ടു കിടക്കുന്നതിനാൽ ഗാസാ സ്ട്രിപ് എന്ന് നമ്മൾ പറയാ

റുണ്ട്. പതിനഞ്ച് ലക്ഷത്തോളമുണ്ട് ഗാസയിലെ ജനസംഖ്യ. പിട്ടിണിയും ഇല്ലായ്മയും ഗാസയിൽ ഉണ്ട്. ഒപ്പം നുഴഞ്ഞുകയറി നല്ല സ്ഥലങ്ങൾ കയ്യടക്കി ഇത്തിൾക്കണ്ണികളായി ഇസ്രയേലികൾ അവിടെ കോളനികളിൽ വസിക്കുന്നു. ഇസ്രയേലിന്റെ ഭാഗമല്ല ഗാസ. എങ്കിലും കിരീടം വയ്ക്കാതെ അവിടെ വിലസുന്നത് ഇസ്രയേലികളാണ്. അവരുടെ ഭീകരവാഴ്ച കൊള്ളയും കൊള്ളിവയ്പുമായി ഗാസയിലെ ജനജീവിതം ദുഷ്കരമാക്കുന്നു. അതുകൊണ്ട് പലായനങ്ങൾ സർവ്വസാധാരണമായിരിക്കുന്നു. ദുരിതങ്ങളുടെ ഈ വിളഭൂമിയിൽ പ്രതികാരബുദ്ധിയും പ്രതിഷേധവും, അക്രമാസക്തിക്കും തീവ്രവാദത്തിനും വഴിപ്പെടാൻ എളുപ്പമാണ്. അത് അവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നു.



ഇസ്രയേൽ അധിനിവേശം നടത്തിയ ഇടങ്ങളിൽ നിന്ന് അരിച്ചുമാററി അഭയാർത്ഥികൾ എന്ന് ബ്രാൻറ് ചെയ്യപ്പെട്ടവരുടെ പാളയമാണ് ഗാസ. തുറന്ന തടവറതന്നെയാണ് ഗാസ. കാരണം ഇവിടെ താമസിക്കുന്ന പലസ്തീനികളുടെ മേൽ സദാസമയവും ഇസ്രായേലികളുടെ ജാഗ്രതക്കണ്ണുകൾ തുറിച്ചുനോക്കി കൊണ്ടേയിരിക്കുന്നു. വർണവിവേചനത്തിന്റെ മതിൽ ഗാസയെന്ന കരാഗാരത്തിന്റെ ഭിത്തിയാകുന്നു. കൂലി കുറഞ്ഞ സംഘമായി ഇവിടെയുള്ളവർ ദയനീയമായി പരിണമിക്കുന്നു. ഗാസയിലേക്കോ പുറത്തേക്കോ ഒന്നും ഇസ്രായേലികളുടെ അനുവാദമില്ലാതെ കടത്തപ്പെടുന്നില്ല.

പലസ്തീനിയൻ സർക്കാർ പിരിച്ച കോടിക്കണക്കിന് വരുന്ന ഡോളർ ഇസ്രായേലികൾ കൈവശപ്പെടുത്തിവച്ച് പലസ്തീനിയൻ സർക്കാരിനെ സാമ്പത്തികമായി ശ്വാസംമുട്ടിച്ചു. ഇതിനൊക്കെ മീതെയായിരുന്നു ആസൂത്രിതമായി ഈയിടെ അവിടെ അരങ്ങേറിയ മനുഷ്യക്കുരുതി.

പലസ്തീൻ വിമോചനത്തിന് വേണ്ടി പ്രവർത്തിക്കുന്ന ഇടതു-വലതു മദ്ധ്യവർത്തി സംഘങ്ങളുടെ സമാഹാരമാണ് പി.എൽ.ഒ. അറഫാത്തിന്റെ മരണത്തോടെ പി.എൽ.ഒ അധോഗതിയിലാണ്. വരാൻപോകുന്ന സ്വതന്ത്രപരമാധികാര ഗവൺമെൻറിന്റെ മുന്നോടിയായി പലസ്തീൻ അതോറിററിയാണ് പലസ്തീൻ ഭരണം നടത്തുന്നത്. പലസ്തീൻ അതോറിററിയിൽ മേൽക്കോയ്മ നേടിയ പി.എൽ.ഒ യെ രണ്ടുവർഷം മുമ്പ് നടന്ന തെരഞ്ഞെടുപ്പിൽ ഗാസയിൽ മറെറാരു പലസ്തീൻ വിമോചന സംഘമായ ഹമാസ് വിജയിച്ചു. പി.എൽ.ഒ. അഴിമതിയിൽ മുങ്ങി ജനങ്ങൾക്ക് അസഹ്യമായിക്കഴിഞ്ഞിരുന്നു. അതുകൊണ്ടാവണം ഹമാസിന് തെരഞ്ഞെടുപ്പിൽ വിജയം ഉണ്ടായത്. പക്ഷെ ഇസ്രായേലും അമേരിക്കയും ഹമാസിനെ ഭീകരസംഘം എന്ന് മുദ്രകുത്തി. പി.എൽ.ഒ ജനപിന്തുണ നേടിയിരുന്ന കാലത്ത് അമേരിക്ക- ഇസ്രായേൽ കൂട്ടായ്മയുടെ ദൃഷ്ടിയിൽ ഭീകരത പി എൽ ഒയ്ക്ക് ആയിരുന്നു. ചുരുക്കത്തിൽ പലസ്തീൻ ജനഹിതത്തിന് വിരുദ്ധമയ ഒരു വ്യാഖ്യാനം ആണ് ഇസ്രായേലിന് എന്നും താൽപര്യം. എന്നാൽ വെസ്ററ് ബാങ്കിൽ പി.എൽ.ഒ. നേതാവ് മുഹമ്മദ് അബ്ബാസ് വിജയിച്ചു. ഹമാസ്- ഇസ്രായേലി സംഘർഷത്തിന് യൂറോപ്യൻ യൂണിയൻ മദ്ധ്യസ്ഥത വഹിച്ചതിന്റെ ഫലമായി 2007 ൽ വെടിനിർത്തൽ ഉണ്ടായി. ആ വെടിനിർത്തലിന്റെ കാലാവധി 2008 ഡിസംബർ 18 ന് അവസാനിച്ചു. അതിനെത്തുടർന്നാണ് വീണ്ടും സംഘർഷം ഉടലെടുത്തത്. ഇസ്രായേലിന്റെ പുതിയ ആക്രമണത്തിൽ നൂറ് കണക്കിന് നിരപരാധികൾ കൊല്ലപ്പെട്ടു. സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും ജീവഹാനി ഉണ്ടായി. ലോകത്തിന്റെ സംഘർഷനിലങ്ങളിൽ ആവർത്തിക്കുന്ന ഈ നൃശംസതയുടെ താണ്ഡവത്തെക്കുറിച്ച് മുമ്പ് പാബ്ലൊ നെരൂദ പറഞ്ഞു.

കുഞ്ഞുങ്ങളെക്കൊല്ലാൻ കൊള്ളക്കാർ
ആകാശത്തിലൂടെവന്നെത്തി,
കൃഷിയിടങ്ങളും പ്രഭുക്കന്മാരുമുള്ള കൊള്ളക്കാർ,
അനുഗ്രഹം വാരിവിതറുന്ന
കറുത്ത സന്യാസിമാരുള്ള കൊള്ളക്കാർ.....
കുഞ്ഞുങ്ങളുടെ ചോര
തെരുവുകളിൽ ഓടിയാർത്തു......

ജനങ്ങളെ ഹമാസ് ഭരണത്തിനെതിരെ തിരിക്കാൻ ആണ് ഈ ആക്രമണവും അതിന് ന്യായീകരണമായി നട്ടാൽ കുരുക്കാത്ത അവാസ്തവങ്ങളും. ഹമാസ് ഇസ്രയേലികളെ നിരന്തരം കൊല്ലുന്നുവെന്നും റോക്കററ് ആക്രമണങ്ങൾ നടത്തുന്നുവെന്നും പ്രചരണം. ശക്തവും മനുഷ്യത്വരഹിതവുമായ ആക്രമണം കൊണ്ട് ഹമാസ് ഭരണത്തിന്റെ പരാജയം ജനങ്ങൾക്ക് ബോദ്ധ്യപ്പെടുത്താനുമത്രെ ഈ ഇല്ലം ചുടിൽ. കബന്ധത്തിന്റെ അർത്ഥം പഠിപ്പിക്കാൻ പണ്ടൊരു നാട്ടുരാജാവ്



പ്രൊഫ. വസന്തകുമാർ സാംബശിവൻ രചിച്ച **പാമ്പിൻ കാവു മുതൽ പാന പാത്രം വരെ** എന്ന ലേഖനസമാഹാരം (എ.കെ.പി.സി.ടി.എയുടെ മുഖപത്രമായ *കേരള പ്രൈവറ്റ് കോളജ് ടീച്ചറി*ൻെറ വാർത്താമദ്ധ്യം പംക്തിയിലെ തെരഞ്ഞെടുത്ത ലേഖനങ്ങൾ) പി. ഗോവിന്ദപ്പിള്ള എൻ. രതീന്ദ്രന് നൽകി പ്രകാശനം ചെയ്യുന്നു. കൊല്ലം ഭാരത ബുക്സാണ് പ്രസാധകർ.

ഒരു പൗരൻെറ തലവെട്ടിക്കാട്ടി അനന്തരവനെ പഠിപ്പിച്ച മനുഷ്യത്വരാഹിത്യത്തെ വെല്ലാൻ പോന്നതാണ് ഈ ഇസ്രയേൽ പ്രകടനം

ഹമാസ് ഭീകരസംഘമായതുകൊണ്ടു കൂടിയാണത്രെ ഈ ആക്രമണം എന്നതാണ് മറ്റൊരു മണ്ടൻ പ്രചരണം. ഇസ്ലാമിക പ്രതിരോധ പ്രസ്ഥാനത്തിനാണ് അറബിയിൽ ഹമാസ് എന്ന് ചുരുക്കപ്പേര് നൽകിയിരിക്കുന്നത്. ഹമാസിനെ താറടിക്കാൻ ഇസ്രായേൽ ചെയ്ത ഓരോന്നും വിപരീതഫലങ്ങളാണ് ഉണ്ടാക്കിയത്. ഹമാസ് ഗാസയിൽ കൈവരിച്ച തെരഞ്ഞെടുപ്പ് വിജയത്തിനും ഇത് ഒരു കാരണമായിട്ടുണ്ട് എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇസ്ലാമിക പ്രതിരോധം ഹമാസിൻെറ മുദ്രയാകയാൽ മതവികാരത്തിൻെറ ആനുകൂല്യവും ഹമാസിന് ലഭിച്ചിട്ടുണ്ട്. തികച്ചും ജനാധിപത്യ നടപടികളിലൂടെ അധികാരത്തിലേക്ക് വന്ന ഹമാസിനെ നിസ്സാരമായി തീവ്രവാദി ലേബൽ പതിക്കാൻ, സ്പീക്കർ അബ്ദുൾ അസീസ് ദെയ്ക്കിനെയും 63 പാർലമെൻറ് അംഗങ്ങളെയും അറസ്ററ് ചെയ്ത ലോക്കപ്പ് ചെയ്യാൻ വരെ ഇസ്രായേൽ മടിച്ചില്ല. ഇവരൊക്കെ ഇസ്രായേലി തടവറകളിൽ ഇപ്പോഴും കഴിയുന്നു.

ഹമാസിന് മുമ്പൊരു ചങ്ങാത്തം ഇസ്രായേലുമായി രഹസ്യമായി നിലനിന്നകാലം ഉണ്ടായിരുന്നു. ഹമാസിൻെറ സ്ഥാപകൻ ഷെയ്ഖ് യാസിൻ 1980 കളിൽ ഇസ്രയേലിൻെറ സൗഹൃദം നേടിയിരുന്നു. ഇതിൻെറ ഫലമായി പല ഹമാസ് നേതാക്കളും തടവറകളിൽ നിന്നും മോചിതരായിരുന്നു. അക്കാലത്ത് ഹമാസ് അതിൻെറ പ്രവർത്തന ശൈലിയിൽ മിതത്വം കലർത്തി നീക്കുപോക്കുകൾക്ക് ഒരുങ്ങിയിരുന്നു. ഇക്കാലത്ത് ജനപിന്തുണനേടിയിരുന്ന പി.എൽ.ഒ യെ തറപററിക്കാൻ കാത്തിരുന്ന ഇസ്രായേൽ തന്ത്രപൂർവ്വം ഹമാസ് പി.എൽ.ഒ സംഘർഷം മൂർച്ഛിക്കാൻ കരുക്കൾ നീക്കി വിജയിച്ചു. ഓസ്ലോ ഉടമ്പടിയുടെ കാലത്ത് ഇത് പ്രകടമായതാണ്. പക്ഷെ കാലം കഴിഞ്ഞതോടെ ഹമാസ് അതിൻെറ ലക്ഷ്യങ്ങളുമായി ഉറച്ച് പ്രവർത്തിച്ചു തുടങ്ങിയപ്പോൾ ഹമാസ് ഇസ്രായേലിൻെറ ശത്രുവായി, ഭീകരസംഘമായി!

അമേരിക്കയും യൂറോപ്യൻ യൂണിയനും ഇസ്രായേലും ഹമാസിനെ വികൃതീകരിച്ച് കാണിക്കാൻ ശ്രമിക്കുന്നതിന് ഉപയോഗിക്കുന്ന മാർഗ്ഗങ്ങളിൽ തകർന്നടിയുന്നത് നിരപരാധികളുടെ സമാധാനവും ജീവിതവുമാണ്. ലക്ഷ്യ സാദ്ധ്യത്തിനുള്ള യാന്ത്രിക തന്ത്രങ്ങളായി മനുഷ്യക്കുരുതി സാർവ്വത്രീകരിക്കുകയാണ് അമേരിക്കൻ അച്ചുതണ്ട്. ഭീകരവിധ്വംസക പ്രവർത്തനങ്ങൾ ഭൂഗോളത്തിലുടനീളം ഒരു കരിമരുന്ന് പ്രയോഗത്തിൻെറ ലാഘവത്തിൽ നടത്തിച്ച് രസിക്കാൻ അവർക്ക് കഴിയുന്നു. വ്യവസ്ഥാപിതമായി വിലപിക്കാൻ മാത്രമേ ബാഹ്യലോകത്തിന് കഴിയുന്നുള്ളു. ഗാസയിൽ ചുടുരക്തനദി പടർന്നപ്പോൾ മനുഷ്യസ്നേഹികളുടെ വിലാപങ്ങളും ചേതമില്ലാത്ത റാലികളും പ്രകടനങ്ങളും നടന്നു. ആസൂത്രിതമായി സമയനിഷ്ഠയോടെ ഗാസ ആക്രമണം നടത്തിയ ഇസ്രയേൽ പ്രഭൃതികൾ അത് കണ്ട് പതിവിൽ പടി ഊററിച്ചിരിച്ചു.

ലോകം അലിവില്ലാത്ത മിടുക്കന്മാരുടെ കൈപ്പിടിയിൽ ഒതുങ്ങുന്നു. നന്മയുടെ പക്ഷം ന്യൂനപക്ഷവും നിശബ്ദപക്ഷവുമാവുന്നു. ഒന്ന് വ്യക്തമാണ് മനുഷ്യനെന്ന സൃഷ്ടിയുടെ സ്ഥായിയായ സവിശേഷതയാണ് ദുരയും തിന്മയും

**കെ. എസ്. ജയചന്ദ്രൻ**
എസ്.കെ.വി. കോളജ്, തൃശ്ശൂർ

# 1.1.2006 മുതൽ കേന്ദ്ര ഗവൺമെൻറ് പുൻക്രമീകരിച്ചിരിക്കുന്ന ക്ഷാമബത്ത നിരക്ക്

വ്യവസായമേഖലയിൽ പണിയെടുക്കുന്നവർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള അഖിലേന്ത്യാ ഉപഭോക്തൃ വിലസൂചികയുടെ (All India consumer price Index for Industrial Workers- AICPICIW) അടിസ്ഥാനത്തിലാണ് ഓരോ വർഷവും ജനുവരിയിലും ജൂലൈയിലും കേന്ദ്രഗവൺമെൻറ് ജീവനക്കാർക്ക് ക്ഷാമബത്ത പുതുക്കുന്നത്. 1982 അടിസ്ഥാനവർഷമായി (Base year) സ്വീകരിച്ചുകൊണ്ട് തയ്യാറാക്കിയ ഉപഭോക്തൃ വില സൂചികകളായിരുന്നു അഞ്ചാം ശമ്പളപരിഷ്ക്കരണത്തിൽ ക്ഷാമബത്ത കണക്കാക്കുന്നതിന് കേന്ദ്രഗവൺമെൻറ് ഉപയോഗിച്ച് വന്നിരുന്നത്. 12 മാസത്തെ ശരാശരി ഉപഭോക്തൃ വിലസൂചികയും 1.1.1996 ലെ ശരാശരി സൂചികയായ 306.33 എന്ന സംഖ്യയും തമ്മിലുള്ള വ്യത്യാസത്തിൻെറ ശതമാനത്തിൽ അടിസ്ഥാനത്തിലാണ് ക്ഷാമബത്ത നിശ്ചയിച്ചിരുന്നത്. അതിനു ഉപയോഗിച്ചിരുന്ന സമവാക്യം ഇതായിരുന്നു.

$$\text{ക്ഷാമബത്താനിരക്ക്} = \frac{\text{12 മാസത്തെ ശരാശരി സൂചിക} - 306.33}{306.33} \times 100$$

എന്നാൽ 2001 അടിസ്ഥാനവർഷമായി സ്വീകരിച്ചുകൊണ്ട് കേന്ദ്രഗവൺമെൻറ് പുതിയ ഉപഭോക്തൃവില സൂചികകൾ (AICPI -IW) തയ്യാറാക്കുകയുണ്ടായി. 2006 ജനുവരി മുതലുള്ള ഓരോ മാസത്തേയും സൂചികകളാണ് ഇപ്രകാരം തയ്യാറാക്കിയിരിക്കുന്നത്. 2001 മുതൽ 2005 ഡിസംബർ വരെയുള്ള പുതിയ സൂചികകൾ തയ്യാറാക്കുന്നതിന് പഴയ സൂചികകളെ (1982 അടിസ്ഥാന വർഷമായിട്ടുള്ളത്) 4.63 എന്ന സംഖ്യകൊണ്ട് ഹരിച്ചാൽ മതിയാകും എന്നും തീരുമാനിച്ചിട്ടുണ്ട്.

2001 അടിസ്ഥാനവർഷമായി സ്വീകരിച്ച് തയ്യാറാക്കിയിട്ടുള്ള ഉപഭോക്തൃവില സൂചികകളുടെ അടിസ്ഥാനത്തിലായിരിക്കണം കേന്ദ്രഗവൺമെൻറ് ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കേണ്ടത് എന്ന് ജസ്ററീസ് ശ്രീകൃഷ്ണ അധ്യക്ഷനായുള്ള ആറാം ശമ്പളകമ്മീഷൻ ശുപാർശ ചെയ്തിരുന്നു. കഴിഞ്ഞ ആഗസ്ററ് 29 ന് പുറപ്പെടുവിച്ച ആറാം ശമ്പളപരിഷ്കരണ ഉത്തരവിൽ കേന്ദ്രഗവൺമെൻറ് ഇത് അംഗീകരിക്കുകയും ചെയ്തു. ആറാം യു.ജി.സി ശമ്പള പരിഷ്കരണത്തിന് ശേഷം കോളജുകളിലേയ്ക്കും യൂണിവേഴ്സിററികളിലേയും അദ്ധ്യാപകർക്ക് ലഭിക്കാൻ പോകുന്ന ക്ഷാമബത്ത നിരക്കും ഇത് തന്നെയായിരിക്കും. ഓരോ വർഷവും ജനുവരിയിലും ജൂലൈയിലും തുടർന്നും ക്ഷാമബത്താ നിരക്കുകൾ പുതുക്കി നിശ്ചയിക്കാനും കേന്ദ്രഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്.

1.1.2006 ലെ ശരാശരി ഉപഭോക്തൃവില സൂചിക (2001 അടിസ്ഥാനവർഷമായിട്ടുള്ളത്) ഏകദേശം 116 ആണ്. മുൻപ് സൂചിപ്പിച്ചതുപോലെ, 12 മാസത്തെ സൂചികകളുടെ ശരാശരിയും 116 എന്ന സംഖ്യയും തമ്മിലുള്ള വ്യത്യാസത്തിൻെറ (ശതമാനകണക്കിൽ) അടിസ്ഥാനത്തിലാണ് 1.1.2006 മുതൽ ക്ഷാമബത്ത നിശ്ചയിക്കുന്നത്. അതിനുള്ള സമവാക്യം താഴെ ചേർക്കുന്നു.

$$\text{ക്ഷാമബത്തനിരക്ക്} = \frac{\text{12 മാസത്തെ ശരാശരി സൂചിക} - 116}{116} \times 100$$

ആറാം ശമ്പളപരിഷ്കരണ ഉത്തരവ് പ്രാബല്യത്തിൽ വരുന്നതിന് മുൻപ് കേന്ദ്രഗവൺമെൻറ് ജീവനക്കാർക്ക് 1.1. 2006 മുതൽ ലഭിച്ചുകൊണ്ടിരുന്ന ക്ഷാമബത്തനിരക്കുകൾ താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്. (50% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ചതിന് ശേഷമുള്ളത്)

| തീയതി | ക്ഷാമബത്ത നിരക്ക് (%) | തീയതി | ക്ഷാമബത്ത നിരക്ക് (%) |
|---|---|---|---|
| 1.1.2006 | 24 | 1.7.2007 | 41 |
| 1.7.2006 | 29 | 1.1.2008 | 47 |
| 1.1.2007 | 35 | 1.7.2008 | 54 |

ആറാം ശമ്പളപരിഷ്ക്കരണ ഉത്തരവ് വന്നതിന് ശേഷം കേന്ദ്ര ഗവൺമെൻറ് ജീവനക്കാർക്ക് ലഭിക്കുന്ന ക്ഷാമബത്താ നിരക്കുകൾ (ദശാംശസ്ഥാനങ്ങൾ ഒഴിവാക്കണം)

| തീയതി | 12 മാസത്തെ സൂചികകളുടെ ശരാശരി | പുനർക്രമീകരിച്ച ക്ഷാമബത്താ നിരക്ക് (%) |
|---|---|---|
| 1.1.2006 | 115.76 | 100 (115.76 - 116) /116 = ഇല്ല |
| 1..7.2006 | 118.95 | 100 (118.95 - 116)/116 = 2.54= 2% |
| 1.1.2007 | 122.91 | 100 (122.91 - 116) /116 =5.95 =5% |
| 1.1.2007 | 126.91 | 100 (126.91 - 116)/116 = 9.41 = 9% |
| 1.1.2008 | 130.75 | 100 (130.75 - 116)/116 = 12.71 = 12% |
| 1.7.2008 | 135.15 | 100 (135.25 - 116)/116= 16.59 = 16% |

1.1.2006 മുതൽ മുൻനിരക്കിൽ ക്ഷാമബത്ത ഇനത്തിൽ വാങ്ങിയ തുക പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്ത / ശമ്പളകുടിശ്ശികയിൽ നിന്ന് തട്ടിക്കഴിക്കുമെന്ന് എന്ന് ഗവൺമെൻറ് ഉത്തരവിൽ പറഞ്ഞിട്ടുണ്ട്.

പ്രൊഫ. കെ. എസ്. ജയചന്ദ്രൻ
[illegible], മണ്ണുത്തി പി.ഒ., തൃശ്ശൂർ- 680 651, ഫോൺ: 0487-2371971

**Dr. P.S. Mohanakumar**
*SS College, Kalady*



# Shadow Banking System

It is a secret banking system built on derivatives and untouched by regulation. The tangled web of subprimes has claimed more than its share of victims in recent months: homeowners by the hundreds of thousands, to be sure, but also those who created, packaged, insured, distributed, and ultimately bought what should have been labeled "junk mortgages"."Skim milk masquerades as cream," warned Gilbert and Sullivan over a century ago, and sure enough, today's subprimes, packaged into financial conduits with monikers such as SIVs and CDOs, pretended to be AAA-rated cubes of butter. What we are witnessing is essentially the breakdown of our modern-day banking system, a complex of leveraged lending .Paul McCulley has labeled it the "shadow banking system" because it has lain hidden for years, untouched by regulation, yet free to magically and mystically create and then package subprime loans into a host of three-letter conduits.The idea of cheap financing and SIV bailouts may not be enough to restore confidence in a shadow system built on fragile foundations.

The origins of the present subprime crisis can be found in the Nixon Administration when

he, removed the prohibitions to trades in futures and similar "bets" that has made the markets so unstable. A number of academics including Fisher Black, created a series of formulas by which traders could manipulate the markets and make huge profits. The result of this behavior would led to our crisis by creating the impression that risk could be eliminated. Others have traced the evolution of the crisis and shown that post-Depression (1929) laws regulating credit producing entities were removed in the last 30 years making way for the subprime collapse. The legal barriers to the trading in derivatives were removed by political interference with the post-Depression experience with speculation

The way was open to the floodgates of speculation.

What we need is a longer institutional memory and to reinstitute the laws prohibiting speculation and to separate banking, insurance and brokerage functions as we learned

was necessary after 1929.This reminds us of the old Welsh Sinne-eaters described by James Frazer, who were called upon to transfer evil from one person to another. The answers to fix the problem have been "old tech" those based in past theories of governmental intervention when markets fail . When looked at in this light, it appears as if there has been little productive innovation since the advances of biotechnology and internet expansion in the 1990s The main overall change in technology investment in the past 8 years has been in security and military spending and this has produced little in new technology and general applications. If there is a recession it is due to low real investment in the developed countries and low saving and too much spending on luxury and prestige goods in the Anglo-American sector and this includes a large

segment of spending in the housing area on renovations and overbuilding of large energy dependent housing units.

Those who created the problem are now the doctors offering the prescriptions. A new corporate welfarism is masquerading behind free-market ideology securitization

## Securitization

A securitization is a financial transaction in which assets are pooled and securities representing interests in the pool are issued. An example would be a financing company that has issued a large number of auto loans and wants to raise cash so it can issue more loans. One solution would be to sell off its existing loans, but there isn't a liquid secondary market for individual auto loans. Instead, the firm pools a large number of its loans and sells interests in the pool to investors. For the financing company, this raises capital and gets the loans off its balance sheet, so it can issue new loans. For investors, it creates a liquid investment in a diversified pool of auto loans, which may be an attractive alternative to a corporate bond or other fixed income investment. The ultimate debtors—the car owners—need not be aware of the transaction. They continue making payments on their loans, but now those payments flow to the new investors as opposed to the financing company. Securitization is the process of taking an illiquid asset, or group of assets, and through financial engineering, transforming them into a security.

A typical example of securitization is a mortgage-backed security (MBS), which is a type of asset-backed security that is secured by a collection of mortgages. The process works as follows: First, a regulated and authorized financial institution originates numerous mortgages, which are secured by claims against the various properties the mortgagors purchase. Then, all of the individual mortgages are bundled together into a mortgage pool, which is held in trust as the collateral for an MBS. Furthermore, at the time the MBS is being created, the issuer will often choose to break the mortgage pool into a number of different parts, referred to as tranches. These tranches can be structured in virtually any way the issuer sees fit, allowing the issuer to tailor a single MBS for a variety of risk tolerances. Pension funds will typically invest in high-credit rated mortgage-backed securities, while hedge funds will seek higher returns by investing in those with low credit ratings The MBS can be issued by a third-party financial company, such a large investment banking firm, or by the same bank that originated the mortgages in the first place. Mortgage-backed securities are also issued by aggregators such as Fannie Mae or Freddie Mac.

## Derivative

In calculus, a branch of mathematics, the derivative is a measurement of how a function changes when its input changes. Loosely speaking, a derivative can be thought of as how much a quantity is changing at some given point.

Derivatives are financial contracts, or financial instruments, whose values are derived from the value of something else (known as the underlying). The underlying on which a derivative is based can be an asset (e.g., commodities, equities (stocks), residential mortgages, commercial real estate, loans, bonds), an index (e.g., interest rates, exchange rates, stock market indices, consumer price index (CPI) or other items (e.g., weather conditions, or other derivatives). Credit derivatives are based on loans, bonds or other forms of credit.The main types of derivatives are: forwards (which if traded on an exchange are known as futures); options; and swaps.Derivatives can be used to mitigate the risk of economic loss arising from changes in the value of the underlying. This activity is known as hedging.

## Hedging

Derivatives allow risk about the value of the underlying asset to be transferred from one party to another. For example, a wheat farmer and a miller could sign a futures contract to exchange a specified amount of cash for a specified amount of wheat in the future. Both parties have reduced a future risk: for the wheat farmer, the uncertainty of the price, and for the miller, the availability of wheat. However, there is still the risk that no wheat will be available due to causes unspecified by the contract, like the weather, or that one party will renege on the contract. (Although a third party, called a clearing house, insures a futures contract, not all derivatives are insured against counterparty risk.)

From another perspective, the farmer and the miller both reduce a risk and acquire a risk when they sign the futures contract: The farmer reduces the risk that the price of wheat will fall below the price specified in the contract and acquires the risk that the price of wheat will rise above the price specified in the contract (thereby losing additional income that he could have earned). The miller, on the other hand, acquires the risk that the price of wheat will fall below the price specified in the contract (thereby paying more in the future than he otherwise would) and reduces the risk that the price of wheat will rise above the price specified in the contract. In this sense, one party is the insurer (risk taker) for one type of risk, and the counterparty is the insurer (risk taker) for another type of risk.

Hedging also occurs when an individual or institution buys an asset (like a commodity, a bond that has coupon payments, a stock that pays dividends, and so on) and sells it using a futures contract. The individual or institution has access to the asset for a specified amount of time, and then can sell it in the future at a specified price according to the futures contract. Of course, this allows the individual or institution the benefit of holding the asset while reducing the risk that the future selling price will deviate unexpectedly from the market's current assessment of the future value of the asset

## Economic recession and depression

Recession is a period of general economic decline; specifically, a decline in GDP for two or more consecutive quarters. A recession is when GDP growth slows, businesses stop expanding, employment falls, unemployment rises, and housing prices decline.A depression is a severe economic downturn that lasts several years. An economic depression is a prolonged period of recession, or a significant and prolonged downturn in the economy. Characteristics of an economic depression include declining business activities, falling prices, rising unemployment, increasing inventories, public fear and panic A good rule of thumb for determining the difference between a recession and a depression is to look at the changes in GNP. A depression is any economic downturn where real GDP declines by more than 10 percent. A recession is an economic downturn that is less severe.

**Palakkad N.S.S. Engineering College Staff Credit Co-op.Society LTD. No. P.823,**

**PALAKKAD-8**

**Sri.K.P. Ravisankar** (President)

**Sri. M.K.Sudha Chandran Nair** (Secretary)

**N.S.S. COLLEGE OF ENGINEERING CO-OPERATIVE SOCIETY P-546, N.S.S. NAGAR, PALAKKAD- 678 008 KERALA.**

**Phone : 0491-2555255**

**Dr. M.R. Vikraman** (President)

**Sri. P.C.Radhakrishnan Nair** (secretary)

**The N.S.S. College of Engineering Co-operative Tenancy Housing Society Ltd. No. P. 491**

**N.S.S Nagar, Palakkad-8, Kerala**

**Dr. M.R. Vikraman**
**(President)**

**Sri. K.Satyan**
**(Secretary)**

# AKSHAYA ASSOCIATES

**M.G. Bazar, Old Busstand,**
**THALASSERY**

Distributors for :

Lab equipments, Chemicals, Glasswares, Surgicals and Hospitalwares



with best compliments

# PAI & SONS
## BOOK SELLERS

187, Big Bazar Street
Coimbatore- 641 001
Phone: 2393024, 6586050
Fax: 2451639, Mobile:9443339453
e-mail:paiandsons@vsnl.net
paisons@md3.vsnl.net.in

ഡോ. എം. ആർ. സുദർശനകുമാർ
എം.ജി.കോളജ്, തിരുവനന്തപുരം



# വൈദ്യുത കമ്പികളില്ലാത്ത ലോകം

നാമിന്ന് *വയർലെസ്* ലോകത്താണ് ജീവിക്കുന്നത്. മൊബൈൽ ഫോണുകളുടെയും എം.പി 3 പ്ളെയറുകളുടെയും ലാപ്ടോപ്പുകളുടെയും കാലമാണിത്. പക്ഷേ വൈദ്യുത കമ്പികൾ ഇപ്പോഴും അവശേഷിക്കുന്നു. ഇവ കൂടി മാറി കഴിഞ്ഞാൽ നാം പൂർണ്ണമായും വയർലെസ് ലോകത്താവും. ഇത് സാധ്യമാണോ?

ഏതാനും വർഷങ്ങൾക്ക് മുമ്പ് Massachusetts Institute of Technology യിലെ ഭൗതിക ശാസ്ത്രജ്ഞനായ Marin Soljacic ഈ വഴിക്ക് ചിന്തിച്ചു. ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ അദ്ദേഹം പരതി നോക്കി. 1890 ൽ വൈദ്യുത കമ്പിയുപയോഗിക്കാതെ വൈദ്യുത പ്രസരണം നടത്തുന്നതിനെക്കുറിച്ച് വൈദ്യുതകാന്തത്തിലെ പ്രശസ്ത ശാസ്ത്രജ്ഞനായ Nikola Tesla സങ്കൽപിച്ചിരുന്നു. ഭൂമിയിലെ എല്ലാ വീട്ടിലും ഇങ്ങനെ വൈദ്യുതി എത്തിക്കാനാവുമെന്ന് അദ്ദേഹം കരുതി. ഭീമാകാരമായ വൈദ്യുത കാന്തിക റെസൊണേററർ ഉപയോഗിച്ച് വലിയ വിദ്യുത് ക്ഷേത്രങ്ങൾ സൃഷ്ടിച്ച് അയണോസ്ഫിയർ വഴിയോ ഭൂമിയിലൂടെയോ പ്രസരണം ചെയ്യാനാണ് അദ്ദേഹം പദ്ധതിയിട്ടിരുന്നത്. Long Island ൽ 57 മീററർ പൊക്കമുള്ള Wanderlyffe Tower സ്ഥാപിച്ച് ഭൂമി മുഴുവൻ വൈദ്യുതി എത്തിക്കുകയായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. J.P. Morgan എന്ന ധനാഢ്യൻ പദ്ധതിക്ക് മുതൽ മുടക്ക് നടത്താൻ തയ്യാറായി. 1905 ൽ പദ്ധതി തടസപ്പെട്ടു. പദ്ധതിയുടെ അപ്രായോഗികതയോ അപകട സാധ്യതയോ ഈ തീരുമാനത്തിലെത്താൻ അദ്ദേഹം പ്രേരിപ്പിച്ചത്. വൈദ്യുത ഉപഭോക്താക്കളെ എങ്ങനെ ബിൽ ചെയ്യും എന്നതാണദ്ദേഹത്തെ കുഴക്കിയത്. ഇന്ന് വിശാലമായ വിതരണ ശൃംഖല വഴി ലോകത്താകമാനം വൈദ്യുത വിതരണം നടക്കുന്നുണ്ട്.

വയർലെസ് രീതിയിൽ ഊർജം കൈമാററം ചെയ്യുന്നതിൻെറ അടിസ്ഥാന തത്വം അനുനാദം (resonance) മാണ് വ്യവസ്ഥയുടെ ആവൃത്തിക്ക് തുല്യമായ ആവൃത്തിയിൽ പ്രചോദനം നൽകിയാൽ കമ്പനങ്ങൾ ഏററവും എളുപ്പം സൃഷ്ടിക്കപ്പെടുന്നതാണ് അനുനാദം. ഒരു ട്യൂണിങ്ങ് ഫോർക്ക് കൊണ്ട് ഒരു വായു നാളിയെ കമ്പിതമാക്കുമ്പോൾ വായുനാളിയുടെ സ്വാഭാവിക ആവൃത്തിയും ഫോർക്കിൻെറ ആവൃത്തിയും തുല്യമാവുമ്പോൾ ഉച്ചതയുള്ള ശബ്ദം ലഭിക്കുന്നതിൻെറ ഉദാഹരണമാണ്.

ഇന്ന് ഏതാണ്ടെല്ലാ വീട്ടിലും വൈദ്യുതി എത്തിയിട്ടുണ്ട്. വീട്ടിനുള്ളിൽ വൈദ്യുതി കമ്പികളില്ലാതെങ്ങനെ വിതരണം ചെയ്യുമെന്നാണ് Soljacoic ഉം സംഘവും പഠിച്ചത്. കാര്യക്ഷമമായി അപകടരഹിതമായി കുറഞ്ഞ ചെലവിൽ ഇത് ചെയ്യുന്നതിനുള്ള സാങ്കേതിക വിദ്യ ഇപ്പോഴും പൂർണമായി വികസിപ്പിച്ചെടുത്തിട്ടില്ല. കാന്തിക ക്ഷേത്രങ്ങൾ ഉപയോഗിച്ച് 45% കാര്യക്ഷമതയോടെ വൈദ്യുത കമ്പിയിലൂടെയല്ലാതെ വൈദ്യുത വിതരണം നടത്തുവാൻ ശാസ്ത്രസംഘത്തിനു സാധിച്ചു. ഇടത്തരം പരിധിയിൽ ഇതാദ്യമായിട്ടാണെന്നവർ അവകാശപ്പെട്ടു.

ഇന്ന് നാം സ്വപ്നം കാണുന്നത് നാളെ ശാസ്ത്രം നേടുതരും! ഈ ശാസ്ത്രജ്ഞരുടെ ഗവേഷണം പൂർണ വിജയമാകുകയാണെങ്കിൽ, നമ്മുടെ ഭവനങ്ങൾ വൈദ്യുത കമ്പികളിൽ നിന്ന് മുക്തി നേടും.



# എന്റെ പിഴ


**അമൃത**

*എസ്. എൻ കോളജ്, ചേർത്തല*


"നാളെ ഞാൻ നിന്റെ ഭവനത്തിലെത്തും
- നിന്റെ തിരുമൊഴി
പുലരി മുതൽ നിന്നെ ഞാൻ കാത്തിരുന്നു
നിനക്കുവേണ്ടി ഞാനെന്റെ വീടൊരുക്കി
നടവഴിയിലാകെ പൂക്കൾ വിരിച്ചു.
നിനക്കായ് വിശിഷ്ടഭോജ്യവും വീഞ്ഞും കരുതി.
എന്റെ വഴിക്കണ്ണിലേക്ക് കടന്നുവന്നത്-
മററു പലരും.
അവരൊന്നും,
എന്റെ ദൃശ്യസീമയെ തൊട്ടതേയില്ല.
അവരുടെ യാചനകൾ
എന്റെയുള്ളലിയിച്ചുമില്ല.
അന്തിയായിട്ടും,
ഇരുൾ പരന്നിട്ടും,
പാതിരാവായിട്ടും.
ദൈവമേ!
അവിടുന്നു വന്നില്ല.
നിനക്കുള്ള ഭോജ്യവും എന്റെ ഹൃദയവും
ആലിപ്പഴം പോലെ തണുത്തുവല്ലോ!
ഒടുവിൽ,
എന്റെ പരാതികൾക്കും പരിദേവനങ്ങൾക്കും
അങ്ങുമറുപടിയേകി.
ദൈവമേ!
എന്റെയകക്കണ്ണുകൾ തുറക്കാൻ-
നീയെന്തേ വൈകി?
എന്റെ കാഴ്ചയിൽ എന്തിനുനീ
തിമിരം നിറച്ചു?
വിശക്കുന്നവനായും, ദാഹിക്കുന്നവനായും
നഗ്നനായും അപമാനിതനായും-
വന്നത് നീയായിരുന്നു.
നാഥാ!
നിന്നെ ഞാൻ തിരിച്ചറിഞ്ഞില്ല
എന്റെ പിഴ! എന്റെ പിഴ!
എന്റെ വലിയ പിഴ!

# A BLISSFUL VOYAGE


*K. V. Dominic*
*Newman College, Thodupuzha*


Let my mind soar high
on the wings of the Muses
and visit the places
where my body
fails to reach.

Had I the wings of a mallard
I could fly to the States,
shake the hand of Obama,
and thank my American sisters and
brothers.

I wish I had the claws of a vulture
to fetch the skeletons from Iraq
and build a bone-palace
to imprison Bush in it.

If I could fly like an angel,
would plead Christ, Muhammad and
Krishna
to exterminate the high priests
who inject communal venom
to millions' innocent minds.
I would meet Gandhi too
who is weeping at his shattered dreams.

I wish I were a bullet
and shoot into the chest of that terrorist
who compels that teen age boy
to explode and kill that innocent mob.



**എ. ജി. ഒലീന**
*വി.ടി.എം.എൻ.എസ്.എസ്. കോളജ്, ധനുവച്ചപുരം*



# അഭിനവ ദുശ്ശാസനന്മാർ അരങ്ങു വാഴുമ്പോൾ



ഒരു സ്ത്രീ ഇറങ്ങി നടക്കുമ്പോൾ ആ നടപ്പ് സമൂഹത്തിന്റെ പതിവുരീതികളുടെ താളം തെററിക്കുന്നതെങ്ങനെയെന്നും അവളുടെ നടത്തം പുരുഷാധികാരത്തിലേക്കു കടന്നുകയററമായാണ് വിലയിരുത്തപ്പെടുന്നതെന്നും ചർച്ച ചെയ്യുന്ന ഒരു പുസ്തകം ഈയടുത്തു വായിക്കാനിടയായി. ബാംഗ്ലൂർ ക്രൈസ്ററു കോളജിലെ അധ്യാപികയായ ശ്രീമതി ററി.സി മറിയം തോമസ് എഴുതിയ *ഇറങ്ങിനടപ്പ്* എന്ന സ്വാനുഭവാഖ്യാനം നിർവഹിക്കുന്ന പരസ്യവിചാരണ അനിവാര്യവും പ്രസക്തവുമാണെന്നാണ് ഇക്കഴിഞ്ഞ ദിവസങ്ങളിൽ മാധ്യമങ്ങളിലൂടെ നമുക്കു കിട്ടികൊണ്ടിരിക്കുന്ന ചില വാർത്തകൾ സൂചിപ്പിക്കുന്നത്. എപ്രകാരമാണ് ഒരു പെണ്ണിന്റെ യാത്രകൾ കളങ്കപ്പെടുന്നതെന്നും എവിടം മുതലാണ് യാത്രാസ്വാതന്ത്ര്യത്തിന്റെ ലിംഗഭേദം ആരംഭിക്കുന്നതെന്നുമുള്ള അന്വേഷണമാണ് ററിസി നടത്തുന്നത്. യാത്രകൾ പുരുഷന്മാർക്ക് അനുവദനീയവും അത്യന്താപേക്ഷിതവുമായ ഒരു സമൂഹത്തിൽ അവ അറിവിന്റെയും അധികാരത്തിന്റെയും പര്യായം കൂടിയാകുന്നു. പക്ഷേ സ്ത്രീക്കു യാത്രാനുമതി കൂടി നിഷേധിക്കപ്പെടുന്ന ഒരു സാംസ്കാരിക സാഹചര്യം രൂപപ്പെടുത്താനുള്ള തത്രപാടുകളെ കണ്ടിട്ടും കണ്ടില്ലെന്ന് നടിക്കാനാവില്ല *നീ യാത്ര ചെയ്യാനുള്ളവളല്ല നീ പുറം ലോകമറിയാനുള്ളവളല്ല നീ സാമൂഹ്യബന്ധങ്ങൾക്കർഹല്ല, നീ മനുഷ്യബന്ധങ്ങളിലെ പാരസ്പര്യത്തിനവകാശിയല്ല* എന്ന് നിരന്തരം പെണ്ണിനെ ഓർമപ്പെടുത്തുന്ന തരത്തിലുള്ള സംഭവവികാസങ്ങളാണ് ഇന്ന് നമുക്ക് ചുററിലും. സഞ്ചാരം മനുഷ്യസംസ്കാരത്തിന്റെ വികാസ പരിണാമത്തിന്റെ രാസത്വരകമാണെങ്കിലും ഒരു ശരാശരി സ്ത്രീ സഞ്ചരിക്കുന്നത് നിത്യ ജീവിതത്തിലെ അനിവാര്യതയുടെ ഭാഗമായാണ്. വിദ്യാഭ്യാസത്തിനായി, ഉപജീവനത്തിനായി നാട്ടിനുള്ളിലും നാട്ടിനു പുറത്തേയ്ക്കും ഒരു പെണ്ണ് സഞ്ചരിക്കുമ്പോൾ ഇന്നോളം നേരിടേണ്ടിവന്ന അപമാനങ്ങളും സങ്കടങ്ങളും സഹനങ്ങളും നിരവധിയാണ്. സാധാരണക്കാരന്റെ സഞ്ചാരം എന്ന അനുഭവപരിസരത്തെ നിർണ്ണയിക്കുന്ന ഒരു സാംസ്കാരിക പ്രതീകം കുടിയാകുന്നു ബസ്സും അതിനുള്ളിലെ ലോകവും ചിലപ്പോഴെങ്കിലും സ്ത്രീ വിരുദ്ധമാകുന്നതിന്റെ അനുഭവങ്ങൾ പുറത്തേക്കു സഞ്ചരിക്കേണ്ടിവരുന്ന ഓരോ സ്ത്രീയുടെയും ആയുസ്സിനിടയ്ക്ക് ധാരാളമായിട്ടുണ്ടാകാറുണ്ട്. അവയൊക്കെ സ്ത്രീയുടെ *ഇറങ്ങി നടപ്പ്* പുരുഷകേന്ദ്രിത സമൂഹം സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്തുവച്ചിട്ടുള്ള അധികാരസ്ഥലങ്ങളിലേക്കു കടന്നു കയറുന്നതിലുള്ള വിദ്വേഷമായോ പകയായോ ഒക്കെയായിട്ടാണ് നമ്മൾ ഇതിനകം നിരീക്ഷിച്ചിട്ടുള്ളത്. പക്ഷേ നമ്മുടെ ധാരണകളെ തകിടം മറിച്ചുകൊണ്ട് മതാധിഷ്ഠിതമായ ഒരു കോയ്മാബോധത്തിന്റെ ഇര എന്ന നിലയിൽ കൂടി ആക്രമിക്കപ്പെടുന്ന ഒരുവളായി വർത്തമാനകാലത്തെ പെണ്ണ് പരിവർത്തിക്കപ്പെടുക

# എ.കെ.പി.സി.ടി.എ 51-ാം സംസ്ഥാന സമ്മേളന സ്വാഗതസംഘം രൂപകരിച്ചു.

എ. കെ. പി.സി.ടി.എ. 51-ാം സംസ്ഥാന സമ്മേളന സ്വാഗതസംഘ രൂപീകരണയോഗം 2008 ഫെബ്രുവരി 2-ാം തിയതി കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളജിൽ നടന്നു. യോഗം സി. പി. ഐ.(എം) കോഴിക്കോട് ജില്ലാ സെക്രട്ടറി സഖാവ്. ടി. പി. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡൻറ് കെ. ശശിധരൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി പി. രഘുനാഥ് സ്വാഗതവും സെക്രട്ടറി എം. സഫറുദ്ദീൻ നന്ദിയും രേഖപ്പെടുത്തി.




എ.കെ.പി.സി.ടി.എ മുൻ പ്രസിഡൻറ് വി. നാരായണൻകുട്ടി, ബേബി സുന്ദർരാജ് (എൻ.ജി. ഒ യൂണിയൻ), എം. മുരളീധരൻ (ഫെസ്റേറാ) എ. അബ്ദുൾ മജീദ് (കോൺഫെഡറേഷൻ), എ. കെ. രമേഷ് (ബിഫി), കെ. ദാമോദരൻ (ബി.എസ്.എൻ. എൽ) കെ. കെ. സി. പിള്ളൈ (എൽ.ഐ.സി), പി. കെ സതീശൻ (കെ.എസ്.ടി.എ) ഡോ. ഡി. കെ. ബാബു (എ.കെ.പി.സി.ടി.എ, ജില്ലാ സെക്രട്ടറി) തുടങ്ങിയവർ സംസാരിച്ചു. കോഴിക്കോട് മേയർ എം. ഭാസ്കരൻ ചെയർമാനും എ.കെ.പി.സി.ടി.എ സെക്രട്ടറി എം.സഫറുദ്ദീൻ ജനറൽ കൺവീനറും, എ.കെ.പി.സി.ടി.എ കോഴിക്കോട് ജില്ലാ സെക്രട്ടറി ഡോ.ഡി.കെ.ബാബു ഫിനാൻസ് കമ്മിററി കൺവീനറുമായി വിപുലമായ സ്വാഗതസംഘം രൂപീകരിച്ചു. കൂടാതെ 51 അംഗ സ്വാഗതസംഘ എക്സിക്യൂട്ടിവിനെയും തിരഞ്ഞെടുത്തു.വിവിധ സബ്കമ്മിററി ചെയർമാൻമാരേയും കൺവീനർമാരേയും നിശ്ചയിച്ചു.

യാണ്. അറിവിൻെറയും അധികാരകത്തിൻെറയും രംഗത്തുനിന്നും അകററി നിർത്തപ്പെട്ടിരുന്ന സ്ത്രീ സമൂഹം, സാമൂഹ്യവികസന പ്രക്രിയയിൽ കൂടി പങ്കാളിയാകാൻ തയ്യാറെടുത്തു മുന്നോട്ടു പോകുന്ന ഒരു കാലത്ത് വീണ്ടും അവളെ വീട്ടിലേയ്ക്ക് തന്നെ അടിച്ചോടിക്കാനുള്ള ബലതന്ത്രവുമായി ഫാസിസ്ററ് ശക്തികൾ മുന്നിട്ടിറങ്ങിയിട്ടുള്ളത്. സൗഹൃദത്തിൻെറയും സാഹോദര്യത്തിൻെറയും ഊഷ്മളമായ മനുഷ്യബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു സാമൂഹ്യ പ്രക്രിയയാണ് ഒരു സംസ്കൃത സമൂഹത്തിൻെറ വികസനത്തിനഭികാമ്യമെന്നാണ് ചരിത്രം നൽകിയിട്ടുള്ള പാഠങ്ങൾ. ആണിനും പെണ്ണിനും ഒന്നുപോലെ ഇടപഴകാനാകുന്ന ഒരു സമൂഹത്തിനെ സ്വതന്ത്രസമൂഹം എന്നു പരികൽപന ചേരുകയുള്ളൂ എന്നത് സംസ്കാരത്തിൻെറ അടിസ്ഥാന പാഠമായിട്ടേറെറടുക്കാൻ ആധുനിക സമൂഹം തയ്യാറാകുന്ന ഒരു സാഹചര്യത്തിലാണ് ഇരുട്ടിൻെറ ശക്തികൾ സന്മാർഗ്ഗത്തിൻെറയും സദാചാരത്തിൻെറയും കാവലാളുകളായി സ്വയം പ്രഖ്യാപിച്ചുകൊണ്ട് നാട്ടിൽ കാടൻ നീതി നടപ്പിലാക്കുവാൻ ശ്രമിക്കുന്നത്. അഭിനവ ദുശ്ശാസ്സനന്മാരുടെ ഈ അവതാരകാലം ചരിത്രത്തിലെ നാണക്കേടിൻെറ ഏടുകളിലാണ് സ്ഥാനം പിടിക്കുക. ഉടുതുണിവലിച്ചുരിഞ്ഞും ബസ്സിൽനിന്നും വലിച്ചിറക്കി തട്ടിക്കൊണ്ടുപോയും പെൺകുട്ടികൾക്ക് സന്മാർഗ്ഗപാഠങ്ങൾ ഉപദേശിക്കുന്ന കുട്ടി ഹിററ്ലർമാർക്ക് ചരിത്രം മാപ്പുകൊടുക്കില്ല. ചരിത്രം ഇവരെ കുററക്കാരെന്നുതന്നെ വിളിക്കും. ഇവരെയോർത്തു ലജ്ജിക്കുക മാത്രമല്ല, ചെറുത്തുനിൽപിൻെറ പാഠങ്ങൾ നമ്മുടെ കുഞ്ഞുങ്ങൾക്ക് കൂടുതൽ ദൃഢമായി പകരുകയും ചെയ്യാം. ജാതിഭേദമോ മതദ്വേഷമോ ഇല്ലാത്ത, സഹിഷ്ണുതയുടെയും സാഹോദര്യത്തിൻെറയും പാരസ്പര്യങ്ങളുടെയും മഹത്തായ മാതൃകകളായി മനുഷ്യർ ജീവിക്കേണ്ടുന്ന ഒരു സമൂഹത്തിൽ മതാധികാരത്തിൻെറയും മതരാഷ്ട്രീയത്തിൻെറയും കാവൽഭടന്മാർ ആയുധധാരികളായി അണിനിരക്കുമ്പോൾ, ഇത്തരം പ്രതിലോമതകൾക്കെതിരെ നമ്മൾ ശബ്ദമുയർത്തേണ്ടതുണ്ട്. അല്ലെങ്കിൽ നാളത്തെ ചരിത്രം നമ്മെ കുററക്കാരെന്നു വിധിക്കും!






പ്രമോദ് വെള്ളച്ചാൽ
*എം.ജി.കോളജ്, ഇരിട്ടി*

# വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിന്റെ സംഗീതമാകുമ്പോൾ!

നവ മാർക്സിസത്തിന്റെ സൂചകങ്ങളും സങ്കേതങ്ങളുമുപയോഗിച്ച് വിദ്യാഭ്യാസ പ്രക്രീയയെ വിശകലനം ചെയ്യുന്ന, മലയാളത്തിലെ ആദ്യ സംരഭമാണ് ഡോ: രവിശങ്കർ എസ്.നായരുടെ മാർക്സിയൻ വിദ്യാഭ്യാസ ദർശനം മാർക്സിസ്റ്റ് ദർശനത്തിനും വിദ്യാഭ്യാസ ചിന്തക്കും ഒരു പോലെ മുതൽ കൂട്ടുന്ന പഠനമാണ് ഈ ഗ്രന്ഥം. സാമ്രാജ്യത്വ അഭിരുചി നിർമ്മാണത്തിന്റെ അടുക്കളയായിരുന്ന മെക്കാളയുടെ വിദ്യാഭ്യാസ അജണ്ടകൾ ഇന്നും ശക്തമായി നമ്മുടെ വിദ്യാഭ്യാസ മേഖലകളെ സ്വാധീനിച്ചു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തന്നെ ഇരുണ്ട തൊലിയുള്ള വെളുത്ത ബുദ്ധികളായി വലിയൊരു ശതമാനം അഭ്യസ്തവിദ്യർ ഇന്നും നമ്മുടെയിടയിലുണ്ട്. മുതലാളിത്ത ജീവിതാവബോധത്തിന്റെ ഊട്ടുപുരകളാണ് അവരുടെ ചിന്തകൾ. അതുകൊണ്ട് തന്നെ വ്യവസ്ഥിതിയെ വിചാരണ ചെയ്യാൻ പറ്റുന്ന ബുദ്ധി ജീവികളായി അവർക്ക് മാറാൻ സാധിക്കുകയുമില്ല. ഇവിടെയാണ് നമ്മുടെ വിദ്യാഭ്യാസ മണ്ഡലത്തിൽ വരുത്തേണ്ട ഉടച്ച് വാർക്കലുകളെ കുറിച്ച് നാം ചർച്ച ചെയ്യേണ്ടത്. ഫ്രാൻസ് ഫാനനെ പോലെയുള്ള ചിന്തകർ പറയും പോലെ കൊളോണിയൽ അധികാര വ്യവസ്ഥയുടെ മുഖംമൂടികളിലാണ് നമ്മൾ പുതുലോകം സൃഷ്ടിക്കാൻ ശ്രമിക്കുന്നത്. അതുകൊണ്ട് തന്നെ ഒരു De Schooling അനിവാര്യമായിത്തീരുന്നു. ചരിത്രപരമായി മനുഷ്യൻ ഇടപെട്ട് നേടിയ സമരോൽസുക പാരമ്പര്യത്തിന്റെ നേരറിവുകളെ പുസ്തകത്താളിലേക്ക് കൊണ്ട് വരികയും മത നിരപേക്ഷമായ വിദ്യാഭ്യാസത്തിന്റെ അനിവാര്യത ഊന്നിപ്പറയുകയും ചെയ്ത സന്ദർഭത്തിൽ കേരളത്തിലുണ്ടായ നരകതുല്ല്യമായ കോലാഹലങ്ങൾ നമ്മൾ മറന്നിട്ടില്ല.

ഇത്തരം സന്ദർഭത്തിൽ വിദ്യാഭ്യാസ പ്രവർത്തകരുടെയിടയിൽ സജീവ ചർച്ചാവിഷയമാകേണ്ട ഗ്രന്ഥം തന്നെയാണ് മാക്സിയൻ വിദ്യാഭ്യാസ ദർശനം മാക്സിയൻ സിദ്ധാന്തത്തിലധിഷ്ഠിതമായ വിദ്യാഭ്യാസ ചിന്തകളുടേയും സമീപനങ്ങളുടേയും ഒരു രൂപരേഖ, അവതരിപ്പിക്കുകയാണ് എന്നാണ് ഈ ഗ്രന്ഥത്തിന്റെ തുടക്ക മൊഴി യിൽ ഡോ: രവിശങ്കർ എസ്.നായർ പറയുന്നത്.

ജി. ബാലമോഹൻ തമ്പിയുടെ പ്രൗഢമായ അവതാരികയിൽ ഇങ്ങനെ പറയുന്നു, "കാര്യങ്ങളെ വിമർശനാത്മകമായി കാണാൻ ഉത്തരവാദിത്വമുള്ള ബുദ്ധി ജീവികൾ പോലും അരാഷ്ട്രീയതയുടേയും നിഷ്പക്ഷതയുടേയും വസ്തുനിഷ്ഠതയുടേയും പേരിൽ മനുഷ്യാവസ്തയിലെ മുഖ്യ വൈരുദ്ധ്യത്തെ നിഗൂഢവൽക്കരിക്കുകയാണ് ചെയ്യുന്നത്. ചുരുക്കത്തിൽ, ചൂഷകവർഗങ്ങളുടെ ഗൂഢതാത്പര്യങ്ങൾ സംരക്ഷിക്കാൻ സ്വാതന്ത്ര്യം, ജനാധിപത്യം, സമത്വം മുതലായ കപട മുദ്രാവാക്യങ്ങൾ ജനസാമാന്യത്തിന്റെ മനസ്സിൽ കടത്തിവിട്ട് അതിനെ അവരുടെ പൊതു അവബോധമാക്കി മാറ്റിയെടുക്കുക എന്ന കൃത്യമാണ് മുതലാളിത്ത സമൂഹത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് . ഈ വൈരുദ്ധ്യത്തെ മറനീക്കികാണിക്കാൻ അധ്യാപക സമൂഹം വിമർശനാത്മക ബോധന ശാസ്ത്രത്തിന്റെ പ്രയോഗ രീതികൾ ശീലിക്കേണ്ടിയിരിക്കുന്നു. മുതലാളിത്ത സമൂഹത്തിൽ അറിവ് കച്ചവടച്ചരക്കാവുകയും വിദ്യാർത്ഥി അതിൽ നിന്നും അന്യവൽകൃതനാവുകയും ചെയ്യുന്ന ദുരവസ്ത രാഷ്ട്രീയ ബോധമുള്ള പൗരസമൂഹത്തെ വാർത്തെടുക്കുന്നതിൽനിന്നും നിരന്തരം പിന്തിരിപ്പിച്ചുകൊണ്ടിരിക്കുന്നു.

'മാർക്സിയൻ വിദ്യാഭ്യാസ ചിന്ത – ഉൽഭവവും വികാസവും' എന്ന പ്രഥമ അധ്യായത്തിൽ മാർക്സിയൻ വിദ്യാഭ്യാസ ദർശന

ത്തിന്റെ പ്രസക്തിയും സമകാലിക പശ്ചാത്തലവും വിശദീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തെ കുറിച്ച് മാർക്സ് ഏറെയൊന്നും എഴുതിയിട്ടില്ലെങ്കിലും പിൽക്കാല വിദ്യാഭ്യാസ ചിന്തകളെ ആഴത്തിൽ സ്വാധീനിച്ച ചില സമഗ്ര കാഴ്ചപാടുകൾ മാർക്സ് അവതരിപ്പിച്ചിട്ടുള്ളത് രവിശങ്കർ നായർ ഇങ്ങനെ ക്രോഡീകരിക്കുന്നു.

1. മനുഷ്യന്റെ മാനസികവും ബൗദ്ധികവും സാമൂഹികവുമായ പരിണാമത്തിന്റെയും പുരോഗതിയുടേയും അടിസ്ഥാനം പ്രവൃത്തി (activity) ആണ്.
2. മനുഷ്യന്റെ ചിന്തകളും കർമ്മങ്ങളും സമൂഹശാസ്ത്രപരമായി, അതായത് സമൂഹത്തിൽ മനുഷ്യൻ എങ്ങനെ വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കി വിശദീകരിക്കാം.
3. സമൂഹത്തിൽ നിലനിൽക്കുന്ന ഉൽപാദന പ്രക്രിയയെ അടിസ്ഥാനമാക്കി രൂപംകൊള്ളുന്ന വർക്ഷഘടനയുടെ പ്രതിഫലനം സമൂഹത്തിന്റെ എല്ലാ വ്യവസ്തകളിലും സ്ഥാപനങ്ങളിലും ഉണ്ടായിരിക്കും.

നവ മാർക്സിയൻ ചിന്തയിലും മാർക്സിയൻ വിദ്യാഭ്യാസ ചിന്തയിലും പിൽകാലത്തുണ്ടായ ആശയ പെരുക്കങ്ങളുടെ ബീജാവാപം മാർകിന്റെ ഈ കാഴ്ചപാടിൽ നിന്നും രൂപപ്പെട്ടതാണ്. മാർക്സിയൻ വിദ്യാഭ്യാസ ചിന്ത മാർകിസിന് ശേഷം, ഫ്രാങ്ക് ഫർട്ട് സ്കൂളും ക്രിട്ടിക്കൽ തിയറിയും വിമർശനാത്മക ബോധനശാസ്ത്രം തുടങ്ങിയ ഉപശീർഷങ്ങളിലൂടെ മാർകിസിയൻ ചിന്തകളുടെ ചരിത്രപരമായ വികാസ രീതികളെ രവിശങ്കർ വളരെ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ മാർക്സിസ്റ്റ് ചിന്തകരിൽ പ്രമുഖനായ ലൂയി അൽതൂസർ അഭിപ്രായപ്പെട്ടതുപോലെ, തൊഴിലാളിവർഗത്തെ അടിച്ചമർത്താനുള്ള ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്ര വ്യവസ്തകൾ (ideological state apparatuses) വിദ്യ ്യാസ മേഖലയിലും സജീവമായി പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ പീറ്റർ മക്‌ലാറൻ സൂചിപ്പിച്ചത്പോലെ, പൂർണ്ണമായ ഒരു സാമൂഹ്യ പുനർനിർമ്മാണത്തിന് പൗലോഫ്രെയറുടെ വിമർശനാത്മക ബോധനശാസ്ത്രം (Critical pedagogy) മാർക്സിസത്തിന്റെ അടിത്തറയിലേക്ക് തന്നെ തിരിച്ചുപോവുന്ന വിപ്ലവാത്മക ബോധനശാസ്ത്രമായി (revolutionary pedagogy) മാറ്റിതീർക്കേണ്ടതുണ്ട്.

മാർക്സിയൻ വിദ്യാഭ്യാസ ദർശനത്തിലെ മൂലസങ്കൽപങ്ങൾ എന്നതാണ് രണ്ടാം അധ്യായത്തിന്റെ ശീർഷകം. വിദ്യാഭ്യാസം ഒരു വിശാല പരിപ്രേക്ഷ്യം, വിദ്യാഭ്യാസം സ്ഥിതിസമത്വത്തിന്, സമൂഹഘടനയും വിദ്യാഭ്യാസവും, വിദ്യാഭ്യാസം നിഷ്പക്ഷമല്ല, വിദ്യാഭ്യാസവും അധികാരവും, വിദ്യാഭ്യാസം വിമോചനത്തിന്, പഠനമെന്നാൽ പ്രവർത്തനം, ജ്ഞാനം പ്രവർത്തനത്തിൽ നിന്ന്, വിമർശവും വിദ്യാഭ്യാസവും, വർഗബോധമെന്ന ലക്ഷ്യം, വിദ്യാഭ്യാസത്തിന്റെ സമൂഹപശ്ചാത്തലം, വിദ്യാഭ്യാസവും സംസ്കാരവും, അധ്യാപകരുടെ പ്രതിബദ്ധത തുടങ്ങിയ കാഴ്ച്ചപാടുകൾ അടിവരയിട്ടു പ്രതിപാദിക്കുന്നു.

വിദ്യാലയങ്ങളും വിദ്യാഭ്യാസ സംസ്കാരവും എന്ന മൂന്നാമത്തെ അധ്യായം വിദ്യാഭ്യാസം സമൂഹത്തിൽ അവശേഷിപ്പിക്കുന്ന സാംസ്കാരികമായ അവബോധങ്ങളെ കുറിച്ചാണ് ചർച്ചചെയ്യുന്നത്. മഹനീയമായ ഒരു സ്ഥാപനമായി വിദ്യാഭ്യാസത്തെ കണക്കാക്കുന്ന ആദർശവാദ സമീപനങ്ങൾ (idealist approches) അപ്പുറത്ത് വിദ്യാഭ്യസം വാസ്തവത്തിൽ എന്ത് നേടുത്തരുന്നു എന്നും, വിദ്യാലയങ്ങളിൽ എന്ത് നടക്കുന്നുവെന്നും തിരിച്ചറിയാനുള്ള ശ്രമമാണ് മാർക്സിയൻ വിദ്യാഭ്യാസ ചിന്തകൾ നടത്തുന്നത്. വിദ്യാഭ്യാസം നാല് മുഖ്യ ധർമ്മങ്ങൾ നിർവ്വഹിക്കുന്നു എന്നതാണ് എമിൽ ഡർഖീം, ടാൽക്കോട്ട് പാർസൺസ് തുടങ്ങിയ സമൂഹ ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടിരിക്കുന്നത്. സംസ്കാര പ്രസരണം, സമൂഹവൽക്കരണം (socialization) തൊഴിൽ സേനയെ സൃഷ്ടിക്കൽ, യോഗ്യതയുടെ അടിസ്ഥാനത്തിൽ വ്യക്തികളെ തരംതിരിക്കൽ എന്നിവയാണ് ഈ ധർമ്മങ്ങൾ.

വർഗ പശ്ചാതലവും വിദ്യാഭ്യാസവും എന്ന നാലാമത്തെ അധ്യായം വിദ്യാഭ്യാസത്തെ ചരിത്രപരമായും വർഗപരമായും അപഗ്രഥിക്കുകയും സാംസ്കാരിക മൂലധന നിർമ്മിതിയുടെ വൈരുദ്ധ്യങ്ങൾ പരിശോധിക്കുകയും ചെയ്യുന്നുണ്ട്. വിജ്ഞാനവും വിദ്യാഭ്യാസവും എന്ന അഞ്ചാമത്തെ അധ്യായം ജ്ഞാനത്തിന്റെ വിവിധ മുഖങ്ങൾ പരിശോധിക്കുന്നുണ്ട്. ജോൺ ഡ്യൂവിലൂടെയും ആന്റോണിയോ ഗ്രാംഷിയുടേയും വിചാര ലോകങ്ങളിലൂടെ വിജ്ഞാനത്തേയും സമൂഹഘടനയേയും രവിശങ്കർ എസ്. നായർ ആഴത്തിൽ പരിശോധിക്കുന്നുണ്ട്. വിജ്ഞാനം മനുഷ്യതാൽപര്യമായി (human interests) ഏത് രീതിയിൽ ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെ കുറിച്ചുള്ള ഹെബർമാസിന്റെ സിദ്ധാന്തവും ഇവിടെ പരിശോധിക്കപ്പെടുന്നുണ്ട്.

വിദ്യാഭ്യാസ നയങ്ങളുടെ കാണാപുറങ്ങൾ എന്ന ആറാമത്തെ അധ്യയനം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളേയും സമകാലീക പ്രതിസന്ധികളെയും മൂലധന താൽപര്യങ്ങളുടെ ഉള്ളറകളേയും തുറന്നുകാട്ടുന്നുണ്ട്. സമഗ്രാധിപത്യത്തിന്റെ രാഷ്ട്രമുതലാളിത്തം, ജനാധിപത്യപരമായ രാഷ്ട്രമുതലാളിത്തം (totalitarial state

## സിൻഡിക്കേററിലേക്ക് തെരഞ്ഞെടുത്തു

കേരള സർവകലാശാല സിൻഡിക്കേററിലേക്ക് പ്രൊഫ. എ.പ്രതാപചന്ദ്രൻനായർ വിരമിച്ച ഒഴിവിലേയ്ക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ എ.കെ.പി.സി.ടി.എ പ്രതിനിധിയായ ചെമ്പഴന്തി എസ്. എൻ. കോളജ് ജിയോളജി വകുപ്പ് അദ്ധ്യാപകൻ **ഡോ.കെ.എൽ.വിവേകാനന്ദൻ** തെരഞ്ഞെടുക്കപ്പെട്ടു.

capitalism, democratic state capitalism) എന്നിങ്ങനെ രണ്ടുതരം രാഷ്ട്രമുതലാളിത്തം നിലനിൽക്കുന്നു. ഏറ്റവും ശക്തമായ തല്പരവിഭാഗങ്ങൾ, വ്യവസായ ബിസിനസ് മേനേജ്മെന്റിലെ ഉയർന്ന വ്യക്തികൾ, ബ്യൂറോക്രസി, സൈന്യം എന്നിവയിലെ മേൽത്തട്ടിലെ വ്യക്തികൾ എന്നിവരും ഭരിക്കുന്ന പാർട്ടിയിലെ ഉയർന്ന നേതാക്കളും ചേർന്ന് രൂപപ്പെടുന്ന ഭരണവർഗത്തിന്റെ നിയന്ത്രണത്തിലാണ് രാഷ്ട്രം. ജനാധിപത്യ പരമായ രാഷ്ട്ര മുതലാളിത്തത്തിൽ രാഷ്ട്രം സ്വകാര്യ മുതലാളിത്തത്തിന്റെ ഉപകരണമായി പ്രവർത്തിക്കുന്നു എന്ന് ഗ്രന്ഥകാരൻ സൂക്ഷ്മാപഗ്രഥനത്തിന്റെ കണ്ണുമായി പരിശോധിക്കുന്നു. അപകടകരമായ വിജ്ഞാനം, രാഷ്ട്രത്തെ ഭരിക്കുന്ന മിത്തുകൾ, വ്യാവസായിക വാണിജ്യ താൽപര്യങ്ങൾ, തൊഴിലധിഷ്ടിതമായ വിദ്യാഭ്യാസം ആർക്കുവേണ്ടി? തുടങ്ങിയ ഉപശീർശകങ്ങളിലൂടെ വിദ്യാഭ്യാസത്തിന്റെ വിമോചക ദൗത്യവും അസ്വാതന്ത്ര്യത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള വഴികളുമാണ് മാർക്സിയൻ ദർശനത്തിന്റെ വഴിവെളിച്ചത്തിലൂടെ രവിശങ്കർ എസ്.നായർ കാട്ടിത്തരുന്നത്.

സമകാലീക മാർക്സിയൻ വിദ്യാഭ്യാസ ചിന്ത ശ്രദ്ധ പതിപ്പിച്ചിട്ടുള്ള ഒരു മേഖലയാണ് ആഗോളവൽക്കരണവും വിദ്യാഭ്യാസവുമായുള്ള ബന്ധം. 1.) വാണിജ്യവൽക്കരണം 2.) സ്വകാരവൽക്കരണം 3.)മൂലധനവൽക്കരണം (commercialisation, privatization & capitalism) എന്നീ മൂന്ന് പ്രക്രീയകളാണ് ആഗോളവൽക്കരണത്തിന്റെ കാതലെന്ന് മാർക്സിയൻ ചിന്തകർ വിലയിരുത്തുന്നുണ്ട്.

പൗലോഫ്രെയറുടെ വിദ്യാഭ്യാസ ചിന്തകളെ മുൻനിർത്തിയുള്ള പരിശോധനയാണ് ഏഴാമത്തെ വിമർശനാത്മക ബോധനശാസ്ത്രത്തിനൊരു മുഖവുര എന്ന അധ്യായം. ഗ്രാംഷി, അൽത്തൂസർ തുടങ്ങിയവരുടെ വിദ്യാഭ്യാസ ചിന്തകൾ, വൈഗോട്സ്കിയുടെ പഠനസിദ്ധാന്തങ്ങൾ, ഡ്യൂവിയുടെ പുരോഗമന വിദ്യാഭ്യാസ ചിന്തകൾ എന്നിവയുടെ സ്വാധീനത്തിലൂടെ രൂപം കൊണ്ടതാണ് വിമർശനാത്മക ബോധനശാസ്ത്രം (Critical pedagogy). വിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന ഏറ്റവും മാനവികവും ധാർമീകവുമായ ആശയങ്ങൾ ഇവിടെ ചർച്ചചെയ്യുന്നുണ്ട്.

1. സാമൂഹിക നീതിക്ക് വേണ്ടിയുള്ളപ്രവർത്തനത്തിന്റെ ഭാഗമാണ് വിദ്യാഭ്യാസം 2.) അധ്യാപകർ പരിവർത്തനാത്മക വ്യക്തിത്വങ്ങളാണ് (Transformative individuals) 3.) അധ്യാപകർക്ക് ആവശ്യം അധികാരമല്ല, ആധികാരികത 4.) പഠനത്തിന്റെ അടിസ്ഥാനം വിമർശനാത്മക ചിന്ത 5.) വിദ്യാഭ്യാസം ആധിപത്യത്തിന്റെ ഉപകരണമായി പ്രവർത്തിക്കുന്നതിനെ ചെറുക്കാനുള്ള കടമ അധ്യാപകർക്കും വിദ്യാഭ്യാസ പ്രവർത്തകർക്കു, തുടങ്ങിയ വിശാലപരപ്രേഷ്യങ്ങൾ ജഢത്വത്തിൽ അഭിരമിക്കുന്ന വിദ്യാഭ്യാസത്തിന്റെ കോശവ്യൂഹങ്ങളെ പിടിച്ചുണർത്താൻ മാത്രം തീഷ്ണമാണ്.

ഗ്രന്ഥം അവസാനിപ്പിച്ചുകൊണ്ട് രവിശങ്കർ എസ്.നായർ പറയുന്നു, വിദ്യാഭ്യാസ വ്യവസ്ഥയുടെ മാത്രമല്ല വിദ്യാഭ്യാസത്തെകുറിച്ചുള്ള നമ്മുടെ പല ധാരണകളുടേയും സമഗ്രമായ പൊളിച്ചെഴുത്താണ് ഇവിടെ ആവശ്യമായിത്തീരുന്നത്. അത്തരമൊരു പൊളിച്ചെഴുത്ത് സാധ്യമാകുമ്പോഴാണ് വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിന്റെ സംഗീതമായി നമുക്ക് ആസ്വദിക്കുവാൻ കഴിയുക.

**Vinodkumar Edachery**
*R.S.M SNDP Yogam College, Koyilandi*



# Funeral

Heart - rending cries
Rise like bad omen
Men cut up men
With gruesome relish
of bloody eagles
That hover overhead
Wolfs that prowl around
The sword- ends pierce
Through miserable bosoms
The dead vomit blood
Death of all dreams
Innocence is crushed
knowledge becomes a curse
When war -giants devour
The best suffer
While the worst cheer
A soul destroying war

In the dark moonless night
Wild beings move in a procession
-A horrible funeral

*With best compliments from*

# A WELL WISHER

916 സ്വർണ്ണാഭരണങ്ങൾ മാത്രം

ISO 9001-2000
Certified Jewellery

# കൈരളി ജൂവലേഴ്സ്

**മൈതാനം, വർക്കല**
**ഫോൺ: 2603565**

**ISO 9001-2000** അംഗീകാരവും
ഹാൾമാർക്ക് ലൈസൻസുമുള്ള
ചിറയിൻകീഴ് താലൂക്കിലെ ഏക സ്ഥാപനം

**ഗവ. അംഗീകൃത Hallmarked Jewellery**

# AKPCTA The All Kerala Private College Teachers' Association

General Secretary
AKPCTA

16-2-2009

The Principal Secretary
Higher Education,
Govt. of Kerala

Sir,

Sub: Giving general applicability to the Kerala High Court Order in Writ Appeal Nos. 1394,1881,1925 & 2067 of 2008 reg.

A number of Lecturers who had come in to the selection Grade in between 1-1-96 and 27-7-98 who were denied the benefit of fixation at Rs. 14940/- have obtained a positive order in there favour from the Division Bench of the High Court of Kerala as per judgment cited above.

I request you to take necessary steps to ensure general applicability of the judgment infavour of all Lecturers who come under the above category so as to avoid unnecessary litigation. A copy of the judgment is enclosed herewith .

Thanking you
Yours faithfully,

P. Reghunath
General Secretary, AKPCTA

## JUDGMENT

KURIAN JOSEPH & P.R. RAMACHANDRA MENON,

Writ Appeal Nos.1394, 1881, 1925 & 2067 OF 2008

Dated this the 21t day of January, 2009.

JUDGMENT

**Kurian Joseph. J**

These are appeals filed by the Union of India and University Grants Commission aggrieved by the common judgment dated 16.01.2008 in O.P.No.36112/2002, W.P.(C) No.3123/2004 and Cont. Case (Civil).No. 451/2006. The issue essentially pertains to the claim made by the writ petitioners who are Selection Grade Lecturers in various colleges in the State seeking a scale of pay of Rs.14,940/- on completion of five years in the post of Reader/ Selection Grade Lecturer.

2. Heard the learned Additional Solicitor General Sri.Raveendran, learned counsel for the respondents and also the learned counsel appearing for the writ petitioners.
3. Though various related issues are also taken up in the writ petitions, learned counsel for the writ petitioners submit that they confine their grievance only to the claim for a scale of pay of Rs.14,940/- from the date of completion of five years as Reader/ Selection Grade Lecturer. Learned Additional Solicitor General submits that the Government of India and the University Grants Commission have no objection in granting the scale of pay of Rs.14,940/- from the date of completion of five years as Reader/ Selection Grade Lecturer. The dispute hitherto was as to whether teachers should be Selection Grade Lecturers as on 01.01.1996. In view of the clarification made by the learned Additional Solicitor General that Government of India and the University Grants Commission do not intend

to prescribe and insist for such a cut off date and such insistence is only with regard to the eligibility on completion of five years as Reader/ Selection Grade Lecturer, we need not go into that question.

4. Yet another apprehension expressed by the learned Additional Solicitor General was that in the case of those Selection Grade Lecturers who have already completed five years prior to 01.01.1996, they may not claim the scale of pay of Rs. 14,940/- from the date of completion of five years prior to 01.01.1996. We make it clear that since the scheme itself has been introduced only with effect from 01.01.1996, even in the case of those teachers who had completed five years prior to 01.01.1996, they will be entitled to the scale of pay of Rs.14,940/- only with effect from 01.01.1996. Those teachers who were- Lecturers as on 01.01.1996 and who were subsequently placed in the Selection Grade after 01.01.1996, they will be entitled to draw the scale of pay of Rs.14,940/- on completion of five years in the Selection Grade.

Subject to the above clarifications, these writ appeals are disposed of. We make it clear that in case the benefits have not been disbursed so far owing to the pendency of the writ appeals, now that the writ appeals have been disposed of, the eligible benefits to the writ petitioners shall be disbursed within a period of three months from the date of production of a copy of this judgment. We have fixed the time as above in view of the submission made by the learned Additional Solicitor General that the liability of the Union Ministry and the University Grants Commission will be disbursed to the State within a period of one month from the date of receipt of the requisition from the State, if not already disbursed.

Kurian Joseph
Judge

P.R. Ramachandra Menon
Judge


*With best compliments from*

# A
# WELL
# WISHER

## GOVERNMENT OF KERALA

Abstract

ALLOWANCE-DEARNESS ALLOWANCE TO STATE GOVERNMENT EMPLOYEES AND TO THE TEACHERS COMING UNDER UGC/AICTE/MEDICAL EDUCATION SCHEMES-DEARNESS RELIEF TO STATE GOVERNMENT PENSIONERS AND FAMILY PENSIONERS INCLUDING THOSE COMING UNDER UGC/AICTE/MEDICAL EDUCATION SCHEMES WITH EFFECT FROM I-7-2008-REVISION-ORDERS ISSUED

FINANCE (PAY RESEARCH UNIT) DEPARTMENT

G. O: (P) No. 38/2009/Fin. Dated, Thiruvananthapuram, 17th January, 2009.

Read:- I. G. O. (P) No. 220/2008/Fin. dated 22-5-2008.
2. O. M. F. No. 1:(3)2008-E. II (B) dated 29-8-2008 from the Department of Expenditure, Ministry of Finance, Government of India.
3. O. M. F. No. 42/2/2008-P&PW (G) dated 12-9-2008 from the Department of Pension and Pension Welfare Government of India.
4. O. M. F. No 1 (3)2008-EMI (B) dated 3-10-2008 from the Department of Expenditure, Ministry of Finance, Government of India.

### ORDER

In the Office Memoranda cited above, Government of India sanctioned revised rate of DA/DR to Central Government employees, Pensioners and Family Pensioners with effect from 1-7-2008.

2. On the basis of above orders, the rates of Dearness Allowance payable to State-Government Employees, Teachers, Staff of Aided Schools, Private Colleges and Polytechnics, Full-time Employees borne on the contingent and work charged establishments and employees of Local Bodies will be revised w.e.f. 1-7-2008 as shown below:

| Date from which payable | Percentage increase of D.A. | Revised D. A. |
|---|---|---|
| 1-7-2008 | 7 % | 45% |

3. In respect of teahers coming under UGC/AICTE/Medical Education Schemes (in whose case D.A. up to 50% has been converted as Dearness Pay) the D. A. will be revised with effect from 1-7-2008 as shown below:

| Date from which payable | Percentage increase of D.A. | Revised D. A. |
|---|---|---|
| 1-7-2008 | 7 % | 54% |

4. The additional expenditure on this account in respect of Local Bodies will be met by them from. their own funds.

5. The revised rate of D. A. will be applicable to part-time teachers and part-time contingent employees also, on the basis of pay drawn by them.

6. The employees of State Public Sector Undertakings/Statutory Corporations/Autonomous bodies on State D. A. pattern, are also eligible for the enhanced rate of D. A., subject to the following conditions:

(i) This will apply only in Public Sector Undertakings, Statutory Corporations, Autonomous Bodies etc. where State D. A. or Central D. A. (with 50% merger) is in force. This will not be applicable where variable D.A. is in force.

(ii) Shifting from one D. A. system (i.e., State D. A., Variable D. A., Central D. A.) to another requires separate and specific prior approval of the Government. Orders in this regard are to be issued by the Administrative Department in consultation with Planning and Economic Affairs (BPE) Department and Finance Department. Such migration cannot be done on the basis of this Government Order.

(iii) Those organizations which are already on State D. A. can release the revised rates of D. A. to their employees without reference to Government. However, a decision on this has to be taken by the Board of Directors of the organization, keeping in mind the ability of the organization to pay for the increase from their own resources. If the organization cannot meet such expenses on their own, and has to get funds from the Government for this,

prior approval of the Government should be taken. [Orders in Government can be issued by the Administrative Department only in consultation with Planning and Economic Affairs (BPE) Department and Finance Department.] The condition that those organizations which require funds from the Government to pay the D. A. instalments need to take prior Government approval will not apply to organizations such as Universities, Kerala Water Authority, Kerala State Council for Science, Technology and Environment etc. where more than 90% o of the salary expenses are met by Non-Plan grant from the Government. They can release D. A. instalments without prior approval of the Government but with the approval of the Board/Executive Committee etc.

7. For those who are continuing in the 1997 pay scales even after 1-7-2008, D. A. will be sanctioned (up to the date of effect of option under Pay Revision 2004) as follows:

| Date of effect | Percentage increase of D. A. . | Revised D. A. |
|---|---|---|
| 1-7-2008 | 7 % | 104% |

8. Those who are continuing in the pre-revised scale of 1997 Pay Revision (ie. 1992 pay scales) the rate of D. A. will be as given below:

| *Date of effect* | *Pay Range* | *Rate of D. A. per month* |
|---|---|---|
| 1-7-2008 | Basic Pay up to Rs. 3500 p.m. | 407% of pay |
| | Basic Pay above Rs. 3500 up to Rs. 6000 p.m | 310% of pay subject to minimum of Rs. 14245 |
| | Basic Pay above Rs. 6000 | 271% of pay subject to minimum of Rs. 18600 |

9. The accounting and drawal of arrears of D. A. will be regulated as follows:-

(a) The revised rates of D. A. due from 1-7-2008 (additional 7%) will be paid in cash with the salary due for the month of January 2009 onwards.

(b) (1) The arrear for the period from 1-7-2008 to 31-12-2008 will be drawn and credited to the PF Account of the employee along with the salary bill for the month of January, 2009 to July, 2009.(2) The permission to draw arrears along with the salary bill is given in relaxation of Rule 176 of Kerala Treasury Code.

(c) The procedure as stated in para 9 (a) and, (b) will also be applicable to the employees continuing in the pre-revised scale even after the 2004 Pay Revision and also to the employees continuing in the pre-revised scale even after the 1996 UGC/AICTE Medical Education Scheme.

(d) In the case of those drawing pay above 'Rs. 3500 in the pre-revision scale, the 3 (three) instalments of D. A. sanctioned- , effect from 1-7-1991, 1-1-1992 and 1-7-1992 will continue to be credited to the Provident Fund Account, the percentage 'of which will be as shown below:

| | |
|---|---|
| Pay Rs. 3501 to Rs. 6000 | 24% of pay subject to a minimum of Rs. 1120 |
| Pay above Rs. 6000 | 21% of pay subject to a minimum of Rs. 1440 |

(e) In their case the amount of DA that can be drawn by them from the salary bill of January, 2009 will be 310% of pay subject to a minimum of Rs. 14245 (for those with basic pay between Rs. 3501-6000 p.m.) and 271% of pay, subject to a minimum of Rs. 18600 (for those with basic pay above Rs. 6000 p.m.) minus the amount to be credited to PF Account as per para 9 (d) above.

Where the employee is not eligible to subscribe to any PF Account before 31-12-2008, the drawal of arrears of D. A. shall be deferred. As and when the PF Account is opened, it 'shall be drawn and deposited in it.

For claiming the salary for the month of August, 2009, a certificate shall be, attached to the salary bill to the effect that "The arrears as per D. A. revision from 1-7-2008 to 31;12-2008 have been claimed and credited to the Provident Fund Account of the employee".

(h) The procedure as stated in para 9 (g) above will also be applicable to the employees continuing in the pre-revised scale of pay even after the 2004 Pay Revision and also those continuing in the pre-revised scale of pay even after the 1996 UGC/AICTE/Medical Education Schemes pay revision.

(i) The enhanced amount of D. A. to be drawn and credited monthly to Provident Fund Account by those drawing pay above Rs. 3500 p. m. in the pre-revised scale of 1997 Pay Revision as stated in para 9 (d) above- may be shown separately in the Provident Fund Schedule and certificate to that effect attached to the bill for each month as already ordered in G 0. (P) No. 211/93/Fin. dated 15-3-1993.

(j) Interest on D. A. credited to Provident Fund Account will accrue from the 1st day of the month in which the bills are passed by the Treasury.

(k) No withdrawal, other than final withdrawal, shall be made before the date specified below, from the arrears of D. A. credited to Provident Fund Account.

| | | Date on which the amount will be permitted to be withdrawn |
|---|---|---|
| Arrears for the period from 1-7-2008 to 31-12-2008 | .. | 31-3-2012 or retirement whichever is earlier |

(1) The condition mentioned under clause (k) above will be applicable "mutatis mutandis" to Provident Fund other than General Provident Fund also. In regard to Contributory Provident Fund, however, there will be no thatching contribution from the Government in respect of the arrears of D. A.

10. In the bill as well as in the Provident Fund Schedule the arrears of D. A. from 1-7-2008 to 31-12-2008 may be indicated separately. Accordingly, the amount of arrears of D. A. to be credited to Provident Fund Account should be shown as a separate entry in the Provident Fund Schedule as shown below:

| Subscription proper Advance | | Refund ofAdvance D. A. | | Arrears of | | Amount |
|---|---|---|---|---|---|---|
| Amount | Month to which it it related | No.of instalments | Amount | Month to which it relates | From 1-7-2008 31-12-2008 | Total |
| (6) | (7) | (8) | (9) | (10) | (11) | (12) |
| | | | | | | 6+9+11 |

11. The following categories of employees will be paid arrears of D. A. in cash:

(i) Those, in whose cases, it is not obligatory, to maintain P. F. Account.

(ii) Part-time teachers.

(iii) Those who have opted not to subscribe to the P. F. Account during the last one year of their service prior to retirement.

12. The Government are.also pleased to revise the rate of Dearness Relief with effect from 1-7-2008 to State Service Pensioners and Family Pensioners and also to the Pensioners/Family Pensioners coming under UGC/AICTE/ Medical Education Schemes [who retired prior to 1-7-2004 and whose pension/family pension has beetl revised as per G. O. (P) No. 81/07/Fin. dated 28-2-2007], as follows:

| Date of effect | Percentage increase of Dearness Relief | Revised Dearness Relief Payable |
|---|---|---|
| 1-7-2008 | 7% of Pension/Family Pension | 45% of Pension/Family Pension |

13. For the Pensioners/Family Pensioners, coming under UGC/AICTE/ Medical Education Schemes who retired after 1-7-2004 and whose pension has been revised as per G., O. (P) No. 84/07/Fin. dated 1-3-2007 the rate of DR will be revised with effect from 1-7-2008 as follows:

| Date of effect | Percentage increase of Relief Dearness Relief | Revised Dearness Payable |
|---|---|---|
| 1-7-2008 | 7% of Pension/Family Pension | 54% of Pension/Family Pension |

14. In respect of the Pensioners/Family Pensioners whose pension has not undergone revision as per G. O. (P) No. 180/ 06/Fin. dated 18-4-2006 and are drawing the Pension/Family Pension as per pension revision 1997, and in respect of Pensioners/Family Pensioners coming under UGC/AICTE/Medical Education Schemes whose pension has not undergone revision as per G O: (P) No. 81/07/ Fin. dated 28-2-2007 or G. O. (P) No. 84/07/Fin. dated 1-3-2007, the DR will be sanctioned as follows:

| Date of effect | Percentage increase of Dearness Relief | Revised Dearness Relief Payable |
|---|---|---|
| 1-7-2008 | 7% of Pension/Family Pension | 104% of Pre-revised Pension/ Family Pension |

This will be applicable only till such time as the date of effect of option for Pension Revision 2004, after which the DR payable will be as indicated in para 12 above.

15. The revised Dearness Relief due from 1-7-2008 @ 7% along with the arrears up to January 2009 will be released in cash along with the pension of ebruary 2009 (due on 1st February). Payment of Dearness Relief involving fraction of a rupee shall be rounded off to the next higher rupee. .

16. Consequent upon the Pay and Pension Revision Orders of 2004, 3 separate sets of D. A. mergers are in existence simultaneously; (i) those whose salaries and pensions have been revised after merging D. A./D. R. at 59% to whom only the balance D. A. is payable, (ii) those for whom D. A. at 50% has been converted as Dearness Pay who are entitled to the balance D. A. and finally (iii) those in whose case no D. A./D. R. merger has taken place. Hence, for easy understanding, a summary of the release of D. A./D. R. to various categories of employees and pensioners is attached as Annexure to this order.

By order of the Governor,
T. K. MANOJ KUMAR,
Secretary (Finance-Expenditure)

**ജില്ലാവാർത്തകൾ**

# തിരുവനന്തപുരം ജില്ലാസമ്മേളനം




എ. കെ. പി. സി. ടി.എ 51-ാം സംസ്ഥാന സമ്മേളനത്തിന്റെ മുന്നോടിയായി തിരുവനന്തപുരം ജില്ലാസമ്മേളനം ഫെബ്രുവരി 13,14 തീയതികളിൽ എ.കെ.പി.സി.ടി.എ. സംസ്ഥാന കമ്മറ്റി ഓഫീസിൽവച്ച് നടന്നു. സമ്മേളനം 14 ന് രാവിലെ 10.30 ന് സി.പി.ഐ(എം) ജില്ലാ സെക്രട്ടറി സ.കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ സ.ജോസഫ് വിജയൻ (സെക്രട്ടറിയേറ്റ് അംഗം, എൻ.ജി.ഒ. യൂണിയൻ), ഡോ.വി.രാജേന്ദ്രൻ നായർ (സംസ്ഥാന ട്രഷറർ, എ.കെ.പി.സി.ടി.എ.) എന്നിവർ ആശംസ അർപ്പിച്ച് സംസാരിച്ചു. എ.കെ.പി.സി.ടി.എ. ജില്ലാ പ്രസിഡന്റ് പ്രൊഫ.കുമാരി ഗീത.എസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ സെക്രട്ടറി പ്രൊഫ. ആർ.മോഹനകൃഷ്ണൻ സ്വാഗതവും ജില്ലാ ജോ:സെക്രട്ടറി പ്രൊഫ.എം.ഡി. രതീഷ്കുമാർ നന്ദിയും രേഖപ്പെടുത്തി. തുടർന്നു നടന്ന വനിതാസമ്മേളനം ശ്രീമതി. സരസ്വതി നാഗരാജൻ (സബ് എഡിറ്റർ, ദ ഹിന്ദു), ഉദ്ഘാടനം ചെയ്തു. പ്രൊഫ.എ.ജി.ഒലീന ആശംസ അർപ്പിച്ചു. ഡോ.ലേഖാനരേന്ദ്രൻ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ പ്രൊഫ.ആശ.ജി.സ്വാഗതവും പ്രൊഫ.എസ്.സരോജാദേവി നന്ദിയും രേഖപ്പെടുത്തി. ഉച്ചയ്ക്ക് ശേഷം നടന്ന യാത്രയയപ്പ് സമ്മേളനം ഡോ.കെ.എൽ. വിവേകാനന്ദൻ (സിൻഡിക്കേറ്റംഗം, കേരള സർവ്വകലാശാലാ) ഉദ്ഘാടനം ചെയ്തു. പ്രൊഫ.എ.പ്രതാപചന്ദ്രൻ നായർ (മുൻ ജനറൽ സെക്രട്ടറി, എ.കെ.പി.സി.ടി.എ) ആശംസ അർപ്പിച്ചു. ഡോ.എസ്.സതീഷ്ചന്ദ്രൻ, ഡോ.കെ.വിജയകുമാരൻ നായർ, പ്രൊഫ.ടോം ജോസഫ് എന്നിവർ മറുപടി പ്രസംഗം നടത്തി. ഈ സമ്മേളനത്തിൽ ഡോ.അബ്ദുൾ അയുബ് അദ്ധ്യക്ഷത വഹിക്കുകയും ഡോ.ഷാഹുൽ ഹമീദ് സ്വാഗതവും ഡോ.കെ.ബിജുകുമാർ നന്ദിയും പ്രകാശിപ്പിച്ചു. 2009-2010 വർഷത്തെ ജില്ലാ ഭാരവാഹികളായി പ്രൊഫ.കുമാരി ഗീത.എസ് (പ്രസിഡന്റ്) കാട്ടാക്കട ക്രിസ്ത്യൻ കോളേജ്, പ്രൊഫ. ആർ.മോഹനകൃഷ്ണൻ (ജില്ലാ സെക്രട്ടറി) എം.ജി.കോളേജ്, ഡോ.ജെ.എസ്.സുധീർ (വൈസ് പ്രസിഡന്റ്) ഇക്ബാൽ കോളേജ്, പ്രൊഫ.എം.ഡി. രതീഷ്കുമാർ(ജോ:സെക്രട്ടറി ) എസ്.എൻ.കോളേജ്, ചെമ്പഴന്തി, ഡോ.കെ.ബിജുകുമാർ (ട്രഷറർ) വി.ടി.എം. എൻ.എസ്.എസ്.കോളേജ് എന്നിവരെ സമ്മേളനം തെരഞ്ഞെടുത്തു.

# ഡോക്ട്രേററ്



ആഗ്ര യൂണിവേഴ്സിററിയിൽ നിന്ന് കൊമേഴ്സിൽ ഡോക്ടറേററ് ലഭിച്ച മാന്നാനം കെ.ഇ. കോളജ്അദ്ധ്യാപകൻ **എം.ജോർജ് സെബാസ്ററ്യൻ.** *A Study on Operational Effectivenss of Primary Agricultural Co-operative Banks in Kerala* എന്ന വിഷയത്തിൽ ആഗ്ര സെൻറ് ജോൺസ് കോളജിലെ ഡോ. ഇന്ദ്രകുമാറിൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കേരള യൂണിവേഴ്സിററിയിൽ നിന്നും ഫിസിക്സിൽ ഡോക്ടറേററ് നേടിയ പത്തനാപുരം സെൻറ്. സ്ററീഫൻസ് കോളജ് അധ്യാപിക **അച്ചാമ്മ ജോർജ്.** *Optical and Structural studies of Germanium based Glasses* എന്ന വിഷയത്തിൽ കാലിക്കററ് നാഷനൽ ഇൻസ്ററിററ്യൂട്ട് ഓഫ് ടെക്നോളജിലെ പ്രൊഫസർ പി. പ്രദീപിൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



എം.ജി.സർവ്വകലാശാലയിൽ നിന്നും ബയോടെക്നോളജിയിൽ ഡോക്ടറേററ് നേടിയ എസ്.എൻ.ഡി.പി. യോഗം കോളജ് ബയോടെക്നോളജി വകുപ്പ് അദ്ധ്യാപിക **പ്രിയാസേനൻ.വി.** *Antitumour Activity of Peptidoglycan Fraction from Squid and Cuttlefish ink* എന്ന വിഷയത്തിൽ പനങ്ങാട് ഫിഷറീസ് കോളജിലെ പ്രൊഫ. പി.എം.ഷെറീഫിൻെറ കീഴിലായിരുന്നു ഗവേഷണം.



കേരള യൂണിവേഴ്സിററിയിൽ നിന്ന് സുവോളജിയിൽ ഡോക്ടറേററ് നേടിയ പുനലൂർ ശ്രീനാരായണ കോളജ് സുവോളജി വിഭാഗം അധ്യാപിക **രാജി രാഘവൻ.** *Molecular Characterization of Insect Heat Shock Proteins* എന്നതായിരുന്നു ഗവേഷണവിഷയം. കേരള യൂണിവേഴ്സിററിയിലെ ഡോ.ഡി. മുരളീധരൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം



കേരള യൂണിവേഴ്സിററിയിൽ നിന്നും കെമിസ്ട്രിയിൽ ഡോക്ടറേററ് നേടിയ പത്തനാപുരം സെൻറ് സ്ററീഫൻസ് കോളജ് കെമിസ്ട്രി വിഭാഗം അദ്ധ്യാപകൻ **വർഗീസ്. പി.ഡാനിയേൽ.** *Metal Chelates of Heterocyclic Schiff Bases* എന്ന വിഷയത്തിൽ കേരള യൂണിവേഴ്സിററി കെമിസ്ട്രി ഡിപ്പാർട്ട്മെൻറിലെ പ്രൊഫസർ, ഡോ.കെ.മോഹനൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കേരള സർവ്വകലാശാലയിൽ നിന്നും ഗണിതശാസ്ത്രത്തിൽ ഡോക്ടറേററ് നേടിയ കൊല്ലം, ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻറ് സയൻസ് അധ്യാപിക **ഷെമിൻ എച്ച്.** *Some problems Related to Intuitionistic fuzzy Topological Semigroups* എന്നതായിരുന്നു ഗവേഷണവിഷയം. ഡോ.കെ.എസ്.കൃപാലിനിയുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കാലിക്കററ് സർവകലാശാലയിൽ നിന്നും സുവോളജിയിൽ ഡോക്ടറേററ് നേടിയ മമ്പാട് എം.ഇ.എസ് കോളജ് അധ്യാപകൻ **മുഹമ്മദ് ഇസ്മയിൽ കെ.** *Calcium (Ca 2+) as the Signal transducing element in the action of insect neuropeptide hormones in Iphita limbata stal(pyrrhocoridae:Heteroptera)* എന്നതായിരുന്നു ഗവേഷണ വിഷയം. കാലിക്കററ് സർവകലാശാലയിലെ ഡോ.എം.ഗോകുൽദാസിൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

## അവാർഡ്



എയർ ഇന്ത്യയും മലയാളമനോരമയും ചേർന്നു നടത്തി Broad Outlook Teachers 2008 മത്സരത്തിൽ മികച്ച അധ്യാപക പ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ട ചങ്ങനാശ്ശേരി എസ്.ബി.കോളജിലെ സുവോളജി വിഭാഗം അദ്ധ്യാപകൻ **ഡോ.ഐസക് തോമസ്.**

## ഫെല്ലോഷിപ്പ്



ഇന്ത്യൻ അക്കാദമി ഓഫ് സയൻസസും ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമിയും നാഷണൽ അക്കാദമി ഓഫ് സയൻസസും സംയുക്തമായി നൽകുന്ന *Summer Research Fellowship (2008)* നേടിയ കോന്നി എസ്.എ.എസ് എസ്.എൻ.ഡി.പി യോഗം കോളജ് ബയോടെക്നോളജി വകുപ്പ് അധ്യാപിക ഡോ. ഇന്ദു സി നായർ.

R.No. 36025/81
No. 215

KERALA PRIVATE COLLEGE TEACHER

Registered No. KL/TV (N)35/2007-2009
Rs. 11/- FEBRUARY 2009

# എ.കെ.പി.സി.ടി.എ

# 51-ാം

# സംസ്ഥാന സമ്മേളനം

**2009 മാർച്ച് 13,14,15**

**ടാഗോർ സെൻറിനറി ഹാൾ, കോഴിക്കോട്**

പ്രതിനിധി സമ്മേളനം • ഉദ്ഘാടന സമ്മേളനം
വിദ്യാഭ്യാസ – സാംസ്കാരിക ട്രേഡ് യൂണിയൻ സമ്മേളനം
വനിതാ സമ്മേളനം • ആർ.ആർ.സി. അനുസ്മരണ പ്രഭാഷണം
പ്രകടനം • പൊതുസമ്മേളനം • യാത്രയയപ്പ് സമ്മേളനം

## AKPCTA Zindabad
## AIFUCTO Zindabad

**STRENGTHEN THE CAMPUS ENSURE SOCIAL JUSTICE**

Edited , Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984,
e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01, Ph: 3012141
Chief Editor: Dr. S. Jayaraj Kumar